പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *451 17.05.2017-ൽ മറുപടിക്ക്

## വൈദ്യുതി മന്ത്രി നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.എസ്. ശിവകുമാർ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഇടുക്കി കുഞ്ചിത്തണ്ണിയിലെ യോഗത്തിൽ വൈദ്യുതി മന്ത്രി നടത്തിയ വിവാദ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് എടുത്തതെന്നും അറിയിക്കുമോ;<br><br>(ബി) ദേവികുളം സബ് കളക്ടർ, മാധ്യമ പ്രവർത്തകർ, മൂന്നാറിലെ പെമ്പിളൈ ഒരുമൈ എന്നിവരിൽ ആർക്കെതിരെ വൈദ്യുതി മന്ത്രി നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് എടുത്തത്; | (എ) യും (ബി) യും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) മന്ത്രിക്കെതിരെ കേസ് എടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിരുന്നോ;<br>(ഡി) എങ്കിൽ എന്നാണ് കത്ത് നൽകിയതെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം. മണി സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ പ്രസംഗിച്ചു എന്നാരോപിച്ച് കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് നല്കിയ കത്ത് 26.04.2017-ന് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് എ.ഡി.ജി.പി, സൗത്ത്സോൺ മുഖേന ഇടുക്കി ജില്ലാ പോലീസ് മേധാവിയ്ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കുകയും തുടർന്ന് മൂന്നാർ ഡി.വൈ.എസ്.പി അന്വേഷണം നടത്തിയിട്ടുമുണ്ട്. നേരിട്ട് കേസെടുക്കുന്നതിനുള്ള കുറ്റകൃത്യങ്ങൾ നടന്നിട്ടില്ല എന്നതിനാൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) മന്ത്രിക്കെതിരെയുള്ള ആക്ഷേപം ഗുരുതരമായ വിഷയമാണെന്നും, പോലീസ് മേധാവി ഇതൊന്നും കാണുന്നില്ലേയെന്നും ഹൈക്കോടതി നടത്തിയതായി പറയപ്പെടുന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുശേഷം കേസ് രജിസ്റ്റർ ചെയ്യുവാൻ തീരുമാനം എടുത്തിട്ടുണ്ടോ? | (ഇ) ഇക്കാര്യത്തിൽ സർക്കാരിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

[signature]

**സെക്ഷൻ ഓഫീസർ**

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 452

17.05.2017 ൽ മറുപടിക്ക്

## ടി.പി.സെൻകുമാർ സമർപ്പിച്ച ഹർജിയിന്മേലുള്ള സുപ്രീംകോടതി വിധി

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും തന്നെ നീക്കം ചെയ്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ടി.പി.സെൻകുമാർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള വിധിപ്പകർപ്പ് എന്നാണ് സർക്കാരിന് ലഭിച്ചതെന്ന് അറിയിക്കാമോ; | (എ) 25.04.2017-ൽ സാക്ഷ്യപ്പെടുത്താത്ത പകർപ്പ് ലഭിച്ചു. 28.04.2017-ൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ചു. |
| (ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; എന്നാണ് നടപടി സ്വീകരിച്ചത്; | (ബി) നിയമവകുപ്പ് സെക്രട്ടറിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം തേടിയശേഷം ബഹു. സുപ്രീംകോടതി വിധിയിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ഒരു ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷനും കൂടാതെ വിധി പുന:പരിശോധിക്കുന്നതിനായി ഒരു റിവ്യൂ ഹർജിയും 03.05.2017-ൽ സമർപ്പിക്കുകയുണ്ടായി. |
| (സി) സുപ്രീംകോടതി വിധി നടപ്പിലാക്കുവാൻ വന്ന കാലതാമസത്തിനുള്ള കാരണമെന്താണ്; | (സി) വിധി നടപ്പിലാക്കുവാൻ കാലതാമസമുണ്ടായിട്ടില്ല. |

| | |
|---|---|
| **(ഡി)** സുപ്രീംകോടതി വിധിയിൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ട് സർക്കാർ സുപ്രീം കോടതിയിൽ ഹർജി നൽകിയിരുന്നോ; എങ്കിൽ അതിന്മേലുള്ള തീരുമാനമെന്തായിരുന്നു; | **(ഡി)** നൽകിയിരുന്നു. സർക്കാരിന്റെ ക്ലാരിഫിക്കേഷൻ ഹർജി, 25,000/- രൂപ സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയ്ക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അടച്ചുകൊണ്ട്, പിൻവലിക്കാൻ അനുമതി നൽകുകയുണ്ടായി. |
| **(ഇ)** ടി.പി.സെൻകുമാറിന് അനുകൂലമായിട്ടുള്ള സുപ്രീംകോടതി വിധി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ ഹർജി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉപദേശം നൽകിയതാരാണ് എന്ന് വെളിപ്പെടുത്തുമോ; | **(ഇ)** നൽകിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരമാണ് റിവ്യൂ ഹർജി നൽകിയത്. |
| **(എഫ്)** ഇതു സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഹരീഷ് സാൽവെ എന്നിവരിൽ നിന്നും നിയമോപദേശം തേടിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | **(എഫ്)** നിയമവകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരിൽ നിന്ന് നിയമോപദേശം തേടിയിരുന്നു. |

Manoj M

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *453 — 17.05.2017 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ പ്രവർത്തന നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, ജോർജ് എം. തോമസ്<br>,, ഡി.കെ. മുരളി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്; | (എ) ഉണ്ട്. ഇതുവരെ താഴെപ്പറയുന്ന 9 സർക്കാർ ആശുപത്രികൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>1. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം.<br>2. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തൈക്കാട്.<br>3. താലൂക്ക് ആശുപത്രി, ചേർത്തല<br>4. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്.<br>5. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>6. ഐകോൺസ് ആശുപത്രി, ഷൊർണ്ണൂർ<br>7. സി.എച്ച്.സി, പണ്ടപ്പിള്ളി, എറണാകുളം<br>8. ബ്ലഡ് ബാങ്ക്, ആലുവ<br>9. ജില്ലാ ആശുപത്രി, കണ്ണൂർ (പ്രീ എൻട്രി ലെവൽ) |
| (ബി) ഏതൊക്കെ സ്ഥാപനങ്ങൾക്ക് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ<br>1. താലൂക്ക് ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം<br>2. സി.എച്ച്.സി മണമ്പൂർ, തിരുവനന്തപുരം<br>3. സി.എച്ച്.സി, വെള്ളറട, തിരുവനന്തപുരം<br>4. പി.എച്ച്.സി, ചെമ്മരുതി, തിരുവനന്തപുരം<br>5. പി.എച്ച്.സി, മംഗലപുരം, തിരുവനന്തപുരം<br>6. പി.എച്ച്.സി, വട്ടിയൂർക്കാവ്, തിരുവനന്തപുരം<br>7. പി.എച്ച്.സി, ചെങ്കൽ, തിരുവനന്തപുരം<br>8. പി.എച്ച്.സി, കീഴാറ്റിങ്ങൽ, തിരുവനന്തപുരം |

9. പി.എച്ച്.സി, കൊല്ലയിൽ, തിരുവനന്തപുരം

10. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ, കൊല്ലം

11. പി.എച്ച്.സി, കരവാളൂർ, കൊല്ലം

12. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ആലപ്പുഴ

13. സി.എച്ച്.സി, ഇടയരിക്കപ്പുഴ, കോട്ടയം

14. പി.എച്ച്.സി, അറക്കുളം, ഇടുക്കി

15. സി.എച്ച്.സി, പണ്ടപ്പിള്ളി, എറണാകുളം

16. പി.എച്ച്.സി, വാളകം, എറണാകുളം

17. പി.എച്ച്.സി, തിരുവമ്പാടി, കോഴിക്കോട്

18. സി.എച്ച്.സി, മുഹമ്മ, ആലപ്പുഴ

19. പി.എച്ച്.സി, പാണ്ടിക്കാട്, മലപ്പുറം

20. പി.എച്ച്.സി, മണലൂർ, തൃശ്ശൂർ

21. താലൂക്ക് ആശുപത്രി. താമരശ്ശേരി, കോഴിക്കോട്

| | | | |
|---|---|---|---|
| (സി) | ഇത്തരം അക്രഡിറ്റേഷൻ ലഭിക്കാനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | (സി) | <u>അക്രഡിറ്റേഷൻ ലഭിക്കാനായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ</u> |

- രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ആശുപത്രിയുടെ ലെ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.
- ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗദർശികൾ സ്ഥാപിക്കണം.
- രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
- ടോക്കൺ സിസ്റ്റം നടപ്പിലാക്കുക.
- ഒ.പി.യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- ഒ.പി.ലാബ്, ഫാർമസി എന്നീ വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം ഏർപ്പെടുത്തുക.
- രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിക്കുക.
- വീൽചെയറുകളും ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി

സജ്ജമാക്കുക.

- സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജമാക്കിയ വീൽചെയറുകളും ട്രോളികളും ലഭ്യമാക്കുക.
- അത്യാഹിത വിഭാഗം, ഒ.പി എന്നിവയുടെ പ്രവേശനകവാടങ്ങൾ വീൽചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിക്കുക.
- അത്യാഹിത വിഭാഗത്തിലും ഒ.പി യിലും എത്തുന്ന രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുക.
- ദുരന്തനിവാരണം, ആശുപത്രിയിൽ അണുബാധ നിയന്ത്രിക്കാനുള്ള നടപടികൾ ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ജീവനക്കാർക്ക് പരിശീലനം നൽകുക
- മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കുക.
- ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കുക.
- രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പ് വരുത്തുക.
- ജൈവമാലിന്യങ്ങളും അല്ലാതെയുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുക.
- ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്യുക.
- രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിക്കുക.
- രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷനടപടികൾ സ്വീകരിക്കുക.
- രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിക്കുക.
- പദ്ധതിപ്രകാരം രോഗികൾക്ക് ശരിയായ

രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിക്കുക.

- ശരിയായ രീതിയിലുള്ള രോഗീ പരിചരണം, മരുന്നു വിതരണം എന്നിവ നടപ്പാക്കുക.
- ലബോറട്ടറികളുടെ പരിശോധനകളുടെ കൃത്യത ഉറപ്പു വരുത്തുക
- ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കൽ മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യുക.
- ലബോറട്ടറികളിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിക്കുക.
- എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തുക.
- ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി, ആശുപത്രി കെട്ടിടങ്ങൾ നവീകരിക്കുക.
- കേടായ ഉപകരണങ്ങൾ നന്നാക്കുക.
- അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുക.
- അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കുക.
- രോഗികളുടെ റെക്കോർഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.
- ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റിക്കോർഡുകൾ തയ്യാറാക്കുക.
- മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്സ്റ്റോർമുലറി രൂപീകരിക്കുക.
- പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിക്കുക.
- ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുക.

- അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുക.
- വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയ്നറുകളിൽ സൂക്ഷിക്കുക.
- ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരം ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിക്കുക.
- നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിക്കുക.
- മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുക.
- രോഗികളെക്കുറിച്ചുള്ള വിവരസാങ്കേതിക സംവിധാനം നടപ്പാക്കുക.
- രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽ നടപടികൾ സ്വീകരിക്കുക.
- ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തുക.
- പൗരാവകാശരേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിക്കുക.
- എല്ലാ ജീവനക്കാർക്കും തുടർ പരിശീലനം നടപ്പാക്കുക.
- കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പാക്കുക.

[signature]

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *454 17/05/2017 -ലെ മറുപടി

## കൊല്ലം - കോവളം, കോട്ടപ്പുറം - നീലേശ്വരം ജലപാതകളുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. വി. ജോയി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ. ജലപാതകളെ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്ക നീക്കത്തിനുമായി ഉപയോഗിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ. സംസ്ഥാന ഉൾനാടൻ ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത - 3, കൊല്ലം മുതൽ കോവളം വരെയും, കോഴിക്കോട് മുതൽ നീലേശ്വരം വരെയും ഉള്ള സംസ്ഥാന ജലപാതകൾ, ഇവയിലേയ്ക്കുള്ള ഫീഡർ കനാലുകൾ എന്നിവ ഉൾപ്പെടുന്നു. ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലുള്ള ദേശീയ ജലപാത - 3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള (കൊടുങ്ങല്ലൂർ) 168 കി.മീ. ഭാഗം യാത്രയ്ക്കും ചരക്ക് നീക്കത്തിനും അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളും കനാൽ നിർമ്മാണവും നടന്നുവരുന്നു. മാഹി മുതൽ വളപട്ടണം വരെ വിവിധ ജലാശയങ്ങളെ ബന്ധപ്പെടുത്തി മൂന്ന് ഭാഗങ്ങളിൽ കനാൽ പുതുതായി നിർമ്മിക്കേണ്ടതായുണ്ട്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത പൂർണ്ണതോതിൽ വാണിജ്യാടിസ്ഥാനത്തിൽ യാത്രയ്ക്കും, ചരക്ക് നീക്കത്തിനുമായി ഉപയോഗിക്കുന്നതിലേക്ക് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വർക്കല തുരങ്കങ്ങൾ, കോഴിക്കോട് കോർപ്പറേഷൻ |

പരിധിയിലെ ഇ.കെ.കനാൽ തുടങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുമുണ്ട്. ഇതു സംബന്ധിച്ച് സാങ്കേതിക വിദഗ്ദരുമായി ചർച്ചകൾ നടത്തി പ്രസ്തുത പ്രവർത്തികൾക്കുള്ള പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

**ബി.** സംസ്ഥാനത്തെ ദേശീയ ജലപാത 2012-13 വർഷം പൂർത്തിയാകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അത് യഥാർത്ഥ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

**ബി.** സംസ്ഥാനത്തെ ജലപാതകളിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാത- 3 ന്റെ മേൽനോട്ടം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് നിർവ്വഹിക്കുന്നത്.

**സി.** ഇതോടനുബന്ധിച്ചുള്ള കൊല്ലം-കോവളം, കോട്ടപ്പുറം - നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ വികസനത്തിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ ?

**സി.** കോവളം - കൊല്ലം , കോട്ടപ്പുറം - നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. കോട്ടപ്പുറം - നീലേശ്വരം പാതയിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം National Waterways Act, 2016 പ്രകാരം ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാന ജലപാതകളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

തിരുവനന്തപുരം ജില്ലയിൽ കോവളം മുതൽ വർക്കല വരെയുള്ള കയ്യേറ്റങ്ങൾ റവന്യൂ അധികാരികൾ നിർണ്ണയിച്ച് വരുന്നു. കോവളം മുതൽ നീലേശ്വരം വരെ ജലപാതക്ക് 590 കി.മീ. നീളമാണ് ഉള്ളത്. ഇതിൽ കോവളം മുതൽ കൊല്ലം വരെ 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമായിട്ടുണ്ട്. പാർവ്വതി പുത്തനാർ ഉൾപ്പെടെ 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. ഇതിൽ 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിൽ ഒന്നാം ഘട്ടമായി 80 കോടി രൂപയുടെ പദ്ധതി KIIFB യുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച ശേഷം രണ്ടാം ഘട്ടത്തിന്റെ പദ്ധതി തയ്യാറാക്കും. 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 കി.മീ. വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി.മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നു വരുന്നു. ടി.എസ്. കനാലിന്റെ ഭാഗമായ കൊല്ലം തോടിന്റെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇലഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര - മാഹി കനാലിൽ (ചെ. 454.08 കി.മീ. - 467.69 കി.മീ.) ദേശീയജലപാതാ നിലവാരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 5 റീച്ചുകളായി തിരിച്ച് നടന്നു വരുന്നു.

മാഹി - വളപട്ടണം റീച്ചിൽ (ചെ. 467.89 കി.മീ. - 558.00 കി.മീ.) 3 ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ എതിർപ്പിനിടയിലും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച്ച നടത്തി കനാൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 90.31 കി.മീ. വരുന്ന ഈ റീച്ചിൽ 26 കി.മീ. മാത്രമാണ് പുതിയ പാത. അവശേഷിച്ച ഭാഗങ്ങൾ പുഴകളും കായലുകളുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനു ഈ നടപടികൾ നടന്നു വരുന്നു. പാലക്കോട് പുഴ മുതൽ നീലേശ്വരം വരെ നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുന്ന മുറയ്ക്ക് ടി പാതയും ഗതാഗതയോഗ്യമാക്കുന്നതാണ്.

(signature)

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 455 17.05.2017- ൽ മറുപടിയ്ക്ക്

## വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി പദ്ധതികൾ

ചോദ്യം

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ആർ രാമചന്ദ്രൻ
ശ്രീ.വി.ആർ.സുനിൽ കുമാർ.

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങൾക്ക് നേരെയുള്ള ശാരീരിക അക്രമങ്ങളും ലൈംഗീക അതിക്രമങ്ങളും ഏറിവരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്നതും ബന്ധുക്കളുടെയോ അയൽവാസികളുടെയോ സാമീപ്യമില്ലാതെ കഴിയുന്ന വൃദ്ധ സ്ത്രീകളാണ് കൂടുതലായി പീഢിപ്പിക്കപ്പെടുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവരാണ് പ്രധാനമായും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത്. |
| (ബി) | വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിറുത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് 300 ഓളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും, പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നല്കി വരുന്നു.<br>കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.<br>പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ.വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് 'മന്ദഹാസം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ 'വയോ |

| | | | |
|---|---|---|---|
| | | | അമൃതം ' എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500/- രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്, 2017-ലെ ബഡ്ജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ട് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നല്കി വരുന്നു. വയോജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതിയിലൂടെ വയോജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ഗവണ്മെന്റിന്റെ ഗ്രാന്റ് ലഭിക്കുന്നുണ്ട്. വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 'സായംപ്രഭ' എന്ന പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>എല്ലാ പോലീസ് സ്റ്റേഷനുകളിലും അതാത് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായവരുടെ പേരു വിവരങ്ങൾ അടങ്ങിയ പ്രത്യേക രജിസ്റ്ററുകൾ 2010 മുതൽ സൂക്ഷിക്കുന്നുണ്ട്. ഇതു കൂടാതെ ജനമൈത്രി ബീറ്റുകൾ പോകുന്ന ഉദ്യോഗസ്ഥർ മുഖാന്തിരം സ്റ്റേഷൻ അതിർത്തിയിൽ തനിച്ച് താമസിക്കുന്ന സ്ത്രീകളുടെയും, പ്രായമായവരുടെയും ക്ഷേമം അന്വേഷിയ്ക്കുകയും അവർക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുന്നു.<br>ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കി-വരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>വയോജനങ്ങൾക്ക് ആരോഗ്യ – സാമ്പത്തിക – സാമൂഹിക – സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്കാശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ജനറൽ ആശുപത്രികൾ മുതൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെ വയോജന സൗഹൃദമാക്കുന്നതിന് ജെറിയാട്രിക് ക്ലിനിക്കുകളും ക്യാമ്പുകളും |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. കൃത്രിമ ശ്രവണസഹായി, കൃത്രിമ ദന്തങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പക്ഷാഘാതമുള്ള-വരുടെ പുനരധിവാസത്തിനായി സ്ട്രോക്ക് റീഹാബിലിറ്റേഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് ദി എൽഡർലി (NPHCE) പ്രകാരം ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ജെറിയാട്രിക് കെയർ വാർഡ്, ജെറിയാട്രിക് ഒ.പി., ഫിസിയോതെറാപ്പി യൂണിറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ഫിസിയോ തെറാപ്പിസ്റ്റുകൾ, കെയർ കോ-ഓർഡിനേറ്റർമാർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്നതിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സർക്കാർവക വൃദ്ധസദനങ്ങളിൽ താമസിക്കുന്നവർക്ക് നിലവിൽ ക്ഷേമപെൻഷൻ ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: T 456 17/05/2017-ൽ മറുപടിക്ക്

### മണൽത്തീരശോഷണം സംബന്ധിച്ച് പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, പി.കെ.ബഷീർ<br>,, പി.കെ.അബ്ദു റബ്ബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീരക്കടലിലെ തിരയിളക്കമെന്ന പ്രതിഭാസത്തെ പ്രതിരോധിച്ചിരുന്ന മണൽത്തിട്ടകളുടെ ശോഷണം മൂലം തീരദേശവാസികൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | മണൽത്തീരശോഷണത്തിനും തിരയിളക്ക സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പുലിമുട്ടുകൾക്കുള്ള പങ്കിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) & (സി) | ഇല്ല . എന്നാൽ കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തിനായി ഫലപ്രദമായ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി 13.10.2016 ൽ സർക്കാർ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും അതിൽ Geo Textile Tube, Beach formation etc, ശരിയായ രീതിയിൽ രൂപകല്പന ചെയ്ത കടൽ ഭിത്തികളുടേയും പുലിമുട്ടകളുടേയും നിർമ്മാണം , തീര പ്രദേശത്ത് കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുക മുതലായ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുകയും ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട് . ഓരോ തീരത്തിനും അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ തീരക്കടലിലെ തിരയിളക്കമെന്ന പ്രതിഭാസത്തെ പ്രതിരോധിക്കുന്ന മണൽത്തിട്ടകളുടെ ശോഷണം ഒരു പരിധിവരെ കുറക്കാൻ |
| (സി) | ഇല്ലെങ്കിൽ, ഇക്കാര്യത്തിൽ അടിയന്തര പഠനം നടത്തുകയും ആവശ്യമെങ്കിൽ, പുലിമുട്ടിന് ബദൽ സംവിധാനമുണ്ടാക്കുന്ന കാര്യം പരിശോധിക്കുകയും ചെയ്യുമോ? | | |

| | | | |
|---|---|---|---|
| | | | കഴിയും. ഒരോ തീരത്തിനും തിരയിളക്കത്തിന്റേയും മണൽതിട്ടകളുടെ ശോഷണത്തിന്റേയും അളവ് വ്യത്യസ്ഥമാണ്. ആയതിനാൽ ഇതു സംബന്ധിച്ച വിശദമായ ഒരു ശാസ്ത്രീയ പഠനം നടത്തേണ്ടതുണ്ട്. പുലിമുട്ടിന് ബദൽ സംവിധാനം സാധ്യ മാണോ എന്ന കാര്യം ജലസേചന വകുപ്പ് പരിശോധിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 457 | 17.05.2017 -ൽ മറുപടിക്ക്.

## പാചകവാതകത്തിന്റെ അളവിലും വിലയിലും തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ അളവിൽ (തൂക്കത്തിൽ) തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ബോട്ട് ലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചകവാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം തട്ടിപ്പ് നടത്തുന്ന ഓയിൽ കമ്പനികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ (എൽ.പി.ജി) ബോട്ടിലിംഗ് പ്ലാന്റിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി ടി ഓയിൽ കമ്പനിക്കെതിരെ കേസ്സ് എടുക്കുകയും 7.5 ലക്ഷം രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രാജി ഫീസ് ചുമത്തിയിട്ടുമുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷം അഞ്ച് കേസ്സുകൾ കണ്ടെത്തുകയും 89000/- (എൺപത്തിയൊൻപതിനായിരം രൂപ മാത്രം) രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പാചകവാതക സിലിണ്ടറുകൾക്ക് എം.ആർ.പി. യേക്കാൾ അധികവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ; | (സി) ഇല്ല. എങ്കിലും പാചകവാതകത്തിന് ചില്ലറ വില്പന വിലയേക്കാൾ കൂടുതലായി ഈടാക്കുന്നു എന്ന് ഏതെങ്കിലും ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ ഉടനടി തന്നെ നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) വിതരണ ഏജൻസിയുടെ സംഭരണ ശാലയിൽ നിന്ന് എത്ര കിലോമീറ്റർ വരെ ചുറ്റളവിൽ ഉള്ള വീടുകൾക്കാണ് എം.ആർ.പി. നിരക്കിൽ പാചകവാതക സിലിണ്ടർ നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യം കണക്കാക്കാതെ വിതരണ ഏജൻസികൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) വിതരണ ഏജൻസിയിൽ നിന്നും അഞ്ച് കിലോമീറ്റർ ചുറ്റളവിലുള്ള വീടുകൾക്കാണ് എം.ആർ.പി നിരക്കിൽ പാചകവാതക സിലിണ്ടർ നല്കുന്നത്. ഗ്യാസ് സിലിണ്ടർ വീട്ടിൽ എത്തിച്ചു നൽകുന്നതിനുള്ള ഡെലിവറി ചാർജ്ജ് നിശ്ചയിക്കുന്നത് ഓരോ ജില്ലയുടേയും ഭൂപ്രകൃതി അനുസരിച്ച് അതാത് ജില്ലാ കളക്ടർമാരാണ്. അതാത് ഗ്യാസ് ഏജൻസിയുടെ ഗ്യാസ് സിലിണ്ടറുകൾ സ്റ്റോക്ക് ചെയ്യുന്ന ഗോഡൗൺ മുതൽ ഉപഭോക്താവിന്റെ വീട് വരെയുള്ള ദൂരം അടിസ്ഥാനമാക്കിയാണ് ഡെലിവറി ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ചില ഏജൻസികൾ ഡെലിവറി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഡെലിവറി ചാർജ്ജ് പ്രസിദ്ധപ്പെടുത്തണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി ഗ്യാസ് സിലിണ്ടറുകളുടെ ഡെലിവറി ചാർജ്ജ് ഡെലിവറി ക്യാഷ് മെമ്മോയിൽ രേഖപ്പെടുത്തുന്നുണ്ട്. ഡെലിവറി ചാർജ്ജ് സംബന്ധിച്ച പരാതികൾ ഉപഭോക്താക്കൾക്ക് ജില്ലാ കളക്ടറുടെ പരാതി പരിഹാര അദാലത്തുകളിൽ ഉന്നയിക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ ഓയിൽ മാർക്കറ്റിംഗ് കമ്പനികൾ ഗ്യാസ് ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.458 — 17.05.2017 ൽ മറുപടിയ്ക്ക്

### അവശ്യസാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് സംഭരിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | മാവേലി ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന അവശ്യസാധനങ്ങളുടെ സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സപ്ലൈകോ മാവേലി ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന അവശ്യസാധനങ്ങൾ ഇ-ടെൻഡർ മുഖേനയാണ് സംഭരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ 56 ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ടെൻഡർ നടക്കുന്നതിന് 10 ദിവസം മുമ്പായി സപ്ലൈകോയുടെ വെബ്സൈറ്റിൽ ടെൻഡർ പ്രസിദ്ധീകരിക്കുയും പ്രമുഖ ദേശീയ പത്രങ്ങളിൽ ടെൻഡർ ക്ഷണിച്ച വിവരം പരസ്യപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ മാസവും അവശ്യസാധനങ്ങൾക്കായി ഡിപ്പോകളിൽ നിന്ന് ഇൻഡന്റുകൾ സ്വീകരിച്ച് ടെൻഡർ ക്ഷണിക്കുകയും, തുടർന്ന് ഇ-ടെൻഡറിനായി സപ്ലൈകോ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലൈയർമാർ ടെൻഡറിൽ പങ്കെടുക്കുകയുമാണ് ചെയ്യുന്നത്. സപ്ലൈയർമാർ ഉൽപന്നങ്ങളുടെ നിരക്കും അവർ നൽകാൻ ഉദ്ദേശിക്കുന്ന ഉൽപന്നങ്ങളുടെ അളവും ടെൻഡറിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ടെൻഡർ തുറന്നതിനു ശേഷം സപ്ലൈയർമാർ രേഖപ്പെടുത്തിയ നിരക്ക്, കേരളത്തിലെ വിവിധ മൊത്ത വിപണി വിലകൾ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, പത്രങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച വിപണി വിലകളുമായി താരതമ്യം ചെയ്യുന്നു. വിതരണക്കാർ രേഖപ്പെടുത്തിയ വിലകൾ തമ്മിൽ വലിയ അന്തരം ഉണ്ടാകുന്ന സാഹചര്യത്തിലും, വിതരണക്കാർ ഓഫർ ചെയ്ത ഉൽപന്നങ്ങളുടെ അളവ് പര്യാപ്തമല്ലാതെ വന്നാലും നെഗോസിയേഷൻ നടത്താറുണ്ട്. പരമാവധി രണ്ടു തവണയാണ് നെഗോസിയേഷന് അവസരം നൽകാറുള്ളത്. ഒന്നാമത്തെ നെഗോസിയേഷനിൽ ഏറ്റവും കറവ് നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാർക്ക് |

| | | | |
|---|---|---|---|
| | | | മാത്രമാണ് അവസരം നൽകുന്നത്. പ്രസ്തുത നെഗോസിയേഷനിൽ രേഖപ്പെടുത്തുന്ന വില തൃപ്തികരമല്ലെങ്കിൽ ടി ഇനത്തിൽ ടെൻഡറിൽ പങ്കെടുത്തിട്ടുള്ള എല്ലാ വിതരണക്കാരുമായും നെഗോസിയേഷൻ നടത്തി ഓൺലൈനായി ലിസ്റ്റ് കോസ്റ്റ് സൊല്യൂഷൻ തയ്യാറാക്കുകയും ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് അവശ്യ സാധനങ്ങൾ ഡിപ്പോകളിൽ വിതരണം ചെയ്യുന്നതിനായി പർച്ചേസ് ഓർഡർ നൽകുകയും ചെയ്യുന്നു. പഞ്ചസാരയ്ക്ക് ഒരേസമയം ഇ-ടെൻഡറിനു പുറമെ എൻ.സി.ഡി.ഇ.എക്സ്. (നാഷണൽ കമ്മോഡിറ്റി ആന്റ് ഡെറിവേറ്റീവ് എക്സ്ചേഞ്ച് ലിമിറ്റഡ്) മുഖേന ഇ-ഓക്ഷൻ നടത്തി നിരക്ക് ലഭ്യമാക്കുകയും ഇ-ടെൻഡർ & ഇ-ഓക്ഷനിൽ കൂടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് വിതരണത്തിന് കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു. |
| (ബി) | ഏതെല്ലാം സാധനങ്ങളാണ് ടെണ്ടർ ഒഴിവാക്കി, ഔട്ട് ലെറ്റ് മാനേജർ/ ഡിപ്പോ മാനേജർ എന്നിവർ നേരിട്ട് വാങ്ങുന്നതെന്ന റിയിക്കുമോ; | (ബി) | ടെൻഡർ ഒഴിവാക്കി ഔട്ട് ലെറ്റ് മാനേജർ/ ഡിപ്പോ മാനേജർ എന്നിവർ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ മാത്രമാണ് വാങ്ങുന്നത്. |
| (സി) | അമിത വിലക്കയറ്റം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ ഉല്പാദന കേന്ദ്രങ്ങ ളിൽ നിന്ന് കോർപ്പറേഷൻ നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് സാധനങ്ങൾ വാങ്ങുന്നതിന് നിലവിലെ സാഹചര്യം അനുവദിക്കുന്നില്ല. നിലവിലുള്ള വ്യവസ്ഥ പ്രകാരം 5 ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ പർച്ചേസുകളും ഇ-ടെൻഡർ മുഖേനയാണ് നടത്തേണ്ടത്. എന്നാലും അമിത വിലക്കയറ്റം തടയുന്നതിന് കുറഞ്ഞ വിലയിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ളവരെക്കൂടി ഇ-ടെൻഡർ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *459 | 17/05/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

## വിഷാദരോഗ ക്ലിനിക്കുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br><br>**,, അബ്ദുൽ ഹമീദ് പി.**<br>**,, മഞ്ഞളാംകുഴി അലി**<br>**,, പി.ഉബൈദുള്ള** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ വിഷാദ രോഗ ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിൽ വന്ന 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ വിഷാദരോഗ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ ആ തീരുമാനത്തിനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുമോ; | ബി) | സമൂഹത്തിൽ 5% മുതൽ 10% വരെ ആളുകൾക്ക് വിഷാദരോഗമുണ്ടെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. വിഷാദരോഗം മദ്യപാനം, തൊഴിൽ നഷ്ടപ്പെടൽ, കുടുംബപ്രശ്നങ്ങൾ ആത്മഹത്യ എന്നിവയിലേക്ക് നയിക്കാം. ഇവരെ പ്രാഥമികാരോഗ്യതലത്തിൽ തന്നെ കണ്ടെത്തുകയും, ചികിത്സ നല്കുകയും, ചെയ്യേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് ടി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുള്ളത്. |
| സി) | വിഷാദരോഗ ചികിത്സയ്ക്ക് യോഗ്യരായ വരുടെ സേവനം ഇപ്പോൾ എല്ലാ ആശുപത്രികളിലും ലഭ്യമാണോ; ഇല്ലെങ്കിൽ യോഗ്യരായ ജീവനക്കാരെ നിയമിക്കുമോ? | സി) | ദേശീയ മാനസികാരോഗ്യപരിപാടി (NMHP) യുടെപ്രധാന ലക്ഷ്യങ്ങളിലൊന്നാണ് മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യതലത്തിൽ ലഭ്യമാക്കുക എന്നുള്ളത്. അതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് മാനസികാരോഗ്യ പരിശീലനം നല്കുകയെന്നതും ദേശീയ മാനസികാരോഗ്യപരിപാടിയുടെ പ്രധാന ലക്ഷ്യമാണ്, ഇതിന്റെ ഭാഗമായി 170 കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഹെൽത്ത് വർക്കർമാർ എന്നിവർക്ക് വിഷാദരോഗത്തെ സ്ക്രീൻ ചെയ്യുന്നതിനും, ചികിത്സിക്കാനുമുള്ള പരിശീലനം നല്കുകയും വിഷാദരോഗ ചികിത്സാപദ്ധതിയായ 'ആശ്വാസം' ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 460 — 17.05.2017- ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം

ശ്രീ.കാരാട്ട് റസാഖ്
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.ആന്റണി ജോൺ
ശ്രീ.എം.നൗഷാദ്

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മാനസിക-ശാരീരിക ഭിന്നശേഷിക്കാരുടെ ദുരിതം ലഘൂകരിക്കുന്നതിനും അവർക്ക് സാധാരണജീവിതം സാധ്യമാകുന്നതിനും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അംഗവൈകല്യമുള്ളവർക്ക് വീൽ ചെയർ, മുന്നുവീൽ സൈക്കിൾ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കാലിപ്പർ, ശ്രവണസഹായി, കൊളോസ്റ്റമി ബാഗുകൾ, കണ്ണടകൾ, കുട്ടികൾക്കുള്ള സി.പി. ചെയറുകൾ എന്നിവ സൗജന്യമായി നൽകുന്നു.<br>അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട |

| | | | |
|---|---|---|---|
| | | | ഹൈടെക്ക് ലിംപ്, ഇലക്ട്രോണിക് വീൽ ചെയർ, ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്നിവ നിബന്ധനകൾക്കു വിധേയമായി സൗജന്യമായി നൽകുന്നു.<br>താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ നൽകുന്നു.<br>1. 18 വയസ്സിനു മുകളിൽ പ്രായം.<br>2. 40%-ഉം അതിനു മുകളിലുമുള്ള ലോക്കമോട്ടോർ ഡിസെബിലിറ്റി.<br>3. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷികവരുമാനം.<br>സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിനുള്ള സബ്സിഡി, സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി എന്നിവ കോർപ്പറേഷൻ മുഖേന നൽകുന്നുണ്ട്. കൂടാതെ ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരം നിക്ഷേപ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചുവരുന്നു.<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും അടുത്ത ഒരു വർഷത്തിനുള്ളിൽ സവിശേഷ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന അനുയാത്ര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ജന്മനായുള്ള വൈകല്യങ്ങൾക്കു കാരണമാകുന്ന അവസ്ഥകളെ സംബന്ധിച്ചും വൈകല്യങ്ങൾക്കു കാരണമാകുന്ന ഘടകങ്ങളായ അനീമിയ, ചെറിയപ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാകുന്ന ഗർഭധാരണം, രക്തബന്ധത്തിലുള്ള വിവാഹങ്ങൾ തുടങ്ങിയവ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന സമീപനം സ്വീകരിക്കാൻ വേണ്ട നടപടികളും നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ, റൂബെല്ലാ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള വാക്സിനുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. <br><br> വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. <br><br> പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. <br><br> അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമായതിനാൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകളും പ്രീ സ്കൂൾ തലത്തിൽതന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തുന്നതിന് സ്പെഷ്യൽ അംഗൻവാടികളും ആരംഭിക്കുന്നതാണ്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും നൽകുന്നതിന് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്.<br>ഒരു കുഞ്ഞു ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും.<br>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക വേണ്ടി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതാണ്. അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഒരു ഹെൽപ് ഡെസ്ക് സ്ഥാപിക്കുന്നതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി | (ബി) | ഉണ്ട്. ആശ്വാസകിരണം പദ്ധതിയ്ക്കായി സർക്കാർ നൽകുന്ന ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | പിന്തുണയോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആശ്വാസ കിരണം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കുമോ? | | വിഹിതത്തിനു പുറമേ വേണ്ടി വരുന്ന തുക കണ്ടെത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്നുകൂടിയാണ്. 2016-17 സാമ്പത്തികവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 22 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്

വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ള കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് വായനാ സഹായിയ്ക്കായി പ്രതിമാസം 4000/- രൂപ നിരക്കിൽ 8 വർഷം ധനസഹായ തുക അനുവദിച്ചു വരുന്നു. നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, fulltime reader assistant ഉണ്ടെന്നും പ്രാക്ടീസ് ചെയ്യുന്നുണ്ടെന്നുമുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

ഒന്നാം ക്ലാസ്സു മുതൽ professional/PG കോഴ്സുകൾക്കു പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് താഴെ സൂചിപ്പിക്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് (പരിധി 36,000/-), മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നീ രേഖകളോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് അലവൻസ് (അന്ധ വിദ്യാർത്ഥികൾക്ക്) |
|---|---|---|---|---|
| 1 | 1 മുതൽ 4 വരെ | 300 | - | 200 |
| 2 | 5 മുതൽ 10 വരെ | 500 | - | 200 |
| 3 | +1, +2, IT തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| 4 | ഡിഗ്രി, പോളിടെക്നിക്ക, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (Implant Training) | 1000 | 1500 | 400 |
| 5 | പ്രൊഫഷണൽ കോഴ്സുകൾ, PG കോഴ്സുകൾ | 1000 | 1500 | 400 |

**കാഴ്ച വൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം**

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ക്രമത്തിൽ പരമാവധി 2 വർഷം ധനസഹായം അനുവദിക്കുന്നു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് (പരിധി 1 ലക്ഷം), ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത സർട്ടിഫിക്കറ്റ്, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർവഴിയാണ് ധനസഹായം വിതരണം ചെയ്യുന്നത്.

**വികലാംഗ ദുരിതാശ്വാസനിധി ചികിത്സാ ധനസഹായം**

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വികലാംഗർക്ക് ചികിത്സയ്ക്കായി പരമാവധി 5,000/- രൂപ വരെ അനുവദിക്കുന്നു. കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 2,55,59,000/- രൂപയിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ചാണ് ധനസഹായം അനുവദിച്ചു വരുന്നത്. ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

പതിനായിരം രൂപ അനുവദിക്കുന്നു. തുക വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന് കത്തു നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അന്വേഷണം നടത്തി ശുപാർശ ചെയ്യുന്നു.

1. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ദിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള പഠിതാക്കൾക്ക് മാസം 300/- രൂപാ വീതം സ്റ്റൈപന്റ് അനുവദിക്കുന്നു.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്തവരും വികലാംഗരുമായ/ ഭിന്നശേഷിക്കാരായ, ഡിഗ്രിയോ അതിനു മുകളിലോ പഠിക്കുന്ന (പ്രൈവറ്റായി രജിസ്റ്റർ ചെയ്ത്- ഓപ്പൺ സ്കൂൾ/ കോളേജ്) വിദ്യാർത്ഥികൾക്ക് ഒരു അധ്യയന വർഷത്തേയ്ക്ക് പരമാവധി 10,000/- രൂപ അനുവദിക്കുന്നതിന് നടപ്പു വർഷം സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

**CDMRP - Community Disability Management and Rehabilitation Programme**

സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം ടി പദ്ധതി നടപ്പിലാക്കിവരുന്നു. മലപ്പുറം, കോഴിക്കോട്

കുടുംബാംഗങ്ങൾക്കുമുള്ള ക്ലിനിക്കൽ സർവ്വീസ്, കേരളത്തിലെ BRC, RMSA resource അദ്ധ്യാപകർ, സ്കൂൾ അദ്ധ്യാപകർ, അങ്കണവാടി വർക്കർമാർ, ആശാ worker, ആരോഗ്യ മേഖലയിലെ മറ്റ് പ്രവർത്തകർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ, അംഗപരിമിതരുടെ ശാക്തീകരണം എന്നിവ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

ടി പദ്ധതിയ്ക്കായി ആകെ 77,46,000/- രൂപ സർക്കാർ അനുവദിച്ചു.

## Alzhiemer's Related Disorder Society of India (ARDSI)

മറവിരോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പും ARDSI എന്ന NGOയും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. നിലവിൽ ഇടവനക്കാട് വൃദ്ധസദനത്തിൽ full time Dementia Day Care Centre-ഉം, ഗുരുവായൂർ കോട്ടപ്പടിയിൽ Dementia Day Care Centre-ഉം പ്രവർത്തിച്ചുവരുന്നു. മറവിരോഗത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഇത്തരം രോഗബാധിതർക്ക് സമൂഹത്തിൽ സംരക്ഷണവും, സുരക്ഷയും ലഭ്യമാക്കുന്നതിനുമായി എല്ലാ വർഷവും അൽഷിമേഴ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## Epilepsy Care through Schools

Epilepsy ബാധിച്ച സ്കൂൾ കുട്ടികൾക്ക് Epilepsy Care, വിദഗ്ദ്ധ പരിചരണം, ബോധവൽക്കരണം എന്നിവ നൽകുന്നതിനായുള്ള പദ്ധതിയാണ് Growing beyond barriers, epilepsy care through schools എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലുള്ള സ്കൂളുകളിലാണ് ടി പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. പ്രസ്തുത പ്രോജക്ട് ശ്രീ. ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ RMN Centre for Epilepsy Care ആണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയ്ക്കായി കഴിഞ്ഞ വർഷം 30,90,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## Pallium India

നട്ടെല്ലിന് ക്ഷതം ബാധിച്ചവർക്ക് ശരിയായ പരിചരണം നൽകുന്നതിനും രോഗികൾക്കും അവരുടെ കുടുംബത്തിനും കൗൺസിലിംഗ് സേവനം നൽകുന്നതിനുമായി പാലിയം ഇൻഡ്യ എന്ന സംഘടനയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

## State Nodal Agency Centre (SNAC)

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യം ബാധിച്ചവർക്ക് നിയമപരമായ പരിരക്ഷ നൽകുന്നതോടൊപ്പം അവരുടെ സ്വത്തിനും പരിരക്ഷ നൽകുന്നു. ഇത്തരം വൈകല്യം ബാധിച്ചവർക്ക് രക്ഷകർത്താവിനെ നിയമിച്ചു നൽകുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് State Nodal Agency Centre

PL.

പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ലോക്കൽ ലെവൽ കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ LLCകൾ വഴി legal guardianship certificate നൽകുന്നു.

## ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിന് നടപ്പു വർഷം 16,06,400/- രൂപ അനുവദിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

## ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)

കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം വകുപ്പിന്റെ സാമ്പത്തിക സഹായത്താൽ നൽകി വരുന്നു.

## INSIGHT PROJECT

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി SPACE എന്ന NGO മുഖേന INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നു.

## DISTRICT PSYCHIATRIC REHABILITATION PROJECT

സാമൂഹ്യനീതി വകുപ്പിനു കീഴിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന ചികിത്സ മെച്ചപ്പെടുത്തി ഇവരെ സാമൂഹികാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് IMHANS District Psychiatric Rehabilitation Project എന്ന പദ്ധതി നടപ്പിലാക്കുന്നു.

മാനസിക രോഗമുക്തരായതും സംരക്ഷിക്കാൻ ആരുമില്ലാത്തതുമായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലയിലും ഇത്തരത്തിൽ പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുമായി 6 ആശാഭവനുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശഭവൻ എന്ന സ്ഥാപനവും ഇത്തരത്തിൽ പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷാഭവൻ എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. ബുദ്ധിമാന്ദ്യമുള്ള 4 നും 16 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ Home for mentally Deficient Children (HMDC) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. ഭിന്നശേഷിയുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലും പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിലും വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഭിന്നശേഷിയുള്ള കുട്ടികളെ

സംരക്ഷിക്കുന്നതിനും ഇവർക്ക് വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവയുൾപ്പെടെ നൽകി സംരക്ഷിക്കുന്നതിനായി ആലപ്പുഴ, കണ്ണൂർ ജില്ലകളിലായി ബാലവികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്ക് പിന്തുണയും പുനരധിവാസവും നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട്. പ്രവർത്തിച്ചുവരുന്ന AASRAYA എന്ന NGO മുഖേന മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു. കൂടാതെ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ആശാഭവനുകളിലെ അന്തേവാസികളുടെ മാനസിക-ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി യോഗ പരിശീലനവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം*461 17.05.2017-ൽ മറുപടിക്ക്

**ജനറിക് നാമം രേഖപ്പെടുത്തണമെന്ന നിർദേശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര,<br>ശ്രീ.റോജി.എം ജോൺ<br>ശ്രീഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ നിന്നും നൽകുന്ന കുറിപ്പടികളിൽ പൂർണമായും മരുന്നുകളുടെ ജനറിക് നാമം രേഖപ്പെടുത്തണമെന്ന നിർദേശം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ വ്യവസ്ഥ ലംഘിച്ചതിന് ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | (ബി) ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്കെതിരായി ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല . തിരുവനന്തപുരം ഗവ.മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ ഒരു സീനിയർ റസിഡന്റ് (പി.ജി.വിദ്യാർത്ഥി) ഇത്തരത്തിൽ ആശുപത്രിയിൽ ലഭ്യമല്ലാത്ത ഒരു മരുന്നിന്റെ ബ്രാൻറ് നെയിം പ്രിസ്ക്രൈബ് ചെയ്യുകയുണ്ടായി. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിനെ പറ്റി അറിയാതെയാണ് ഇപ്രകാരം ഒരു കുറിപ്പടി നൽകിയത് . പ്രസ്തുത സീനിയർ റസിഡന്റിന് സർക്കാർ ഉത്തരവ് പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയുണ്ടായി . ഇതിനുശേഷം ഇപ്രകാരം ബ്രാന്റ് നെയിം പ്രിസ്ക്രൈബ് ചെയ്യുന്ന സംഭവങ്ങൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 462 — 17.05.2017 ൽ മറുപടിക്ക്

## ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, കെ.കെ.രാമചന്ദ്രൻ നായർ<br>,, രാജു എബ്രഹാം<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ;<br>(ബി) ഇതിന്റെ സാധ്യതാ പഠനം എത്ര മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) യും (ബി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ സാധ്യതാ പഠനം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) ഇതിനായി ആയിരം ഏക്കറോളം ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയുടെ വിശദമായ പഠനത്തിനു ശേഷം മാത്രമേ ഭൂമി സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *463*** ***17.05.2017 ലെ മറുപടിക്ക്.***

## ***വിമാനക്കമ്പനികൾ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീമതി സി. കെ. ആശ | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) വേനലവധിക്കാലത്ത് നാട്ടിലേക്ക് വരാൻ ആഗ്രഹിക്കുന്ന പ്രവാസികളെ വിമാനക്കമ്പനികൾ വളരെ ഉയർന്ന നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ ; | (ബി) പരിശോധിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യങ്ങളിൽ പ്രവാസികൾക്ക് ആശ്വാസമേകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ? | (സി) വേനലവധിക്കാലത്തും ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസമയങ്ങളിലും ഹജ്ജിന്റെ സമയത്തും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയ മല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, |

മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാനകമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

Sheeja

സെക്ഷൻ ഓഫീസർ.

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.464 | 17.05.2017 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിന് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. പി.ടി. തോമസ്
ശ്രീ. എ.പി. അനിൽ കുമാർ :

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസിന്റെ കീഴിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | 15.05.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം. 10/2017/ഭ.സി.സ.വ. പ്രകാരം വിവിധ വകുപ്പകളിലെ പ്രതിനിധികളെയും സർക്കാർ ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫിനെയും ഉൾപ്പെടുത്തി പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അവശ്യസാധനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | അവശ്യസാധനങ്ങളുടെ വിലനിലവാരം വിവിധ ജില്ലകളിൽ നിന്നും കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് ആയത് പരിശോധിച്ച് വിശകലനം നടത്തി അസ്വാഭാവികമായ വിലക്കയറ്റം കാണുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി പരിശോധന നടത്തി നടപടി സ്വീകരിക്കുക, പൊതുജനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച പരാതികൾ പരിശോധിച്ച് സമയ ബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുക എന്നിവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത സെല്ലിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | സിവിൽ സപ്ലൈസ് ഡയറക്ടർ കൺവീനറും, കൃഷി വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ; ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടറും, രണ്ട് റിസോർസ് ഫെല്ലോയും; ഹോർട്ടികോർപ്പ് മാർക്കറ്റിംഗ് & പർച്ചെയ്സ് വിഭാഗം സീനിയർ ഓഫീസർ; സപ്ലൈകോ മാർക്കറ്റിംഗ് & കോമേഴ്സ് വിഭാഗം മാനേജർ; ഐ.ടി. മിഷൻ, ഡബ്ല്യൂ.റ്റി.ഒ. സെൽ എന്നിവിടങ്ങളിലെ ഓരോ |

| | | | |
|---|---|---|---|
| | | | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ളതാണ് പ്രസ്തുത സെൽ. വിലനിലവാരം സംബന്ധിച്ച് താഴെതട്ടിലുള്ള വിശകലനത്തിനു ശേഷം വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിനുള്ള സംവിധാനം കണ്ടെത്തി സർക്കാരിന് ശുപാർശ സമർപ്പിക്കുക എന്നതാണ് പ്രസ്തുത സെല്ലിന്റെ മുഖ്യ ചുമതല. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 465 | 17.05.2017 -ൽ മറുപടിക്ക്.

## എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് റേഷനരി ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തിനനുവദിച്ച റേഷനരി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് ഏറ്റെടുക്കാത്ത സ്ഥിതിവിശേഷം എങ്ങിനെ സംജാതമായി എന്ന് വിശദമാക്കാമോ ; | **(എ)** ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് 2016 നവംബർ മാസം മുതൽ അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ കോട്ടയം ജില്ലയ്ക്കനുവദിച്ച 2017 ജനുവരി മാസ ക്വാട്ടയിലെ 1298.829095 മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് (130 ലോഡ്) വിട്ടെടുക്കുവാനവശേഷിക്കുന്നത്. ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് ആരംഭിച്ച 2016 നവംബർ മാസം മുതൽ അട്ടിക്കൂലി സംബന്ധിച്ച തൊഴിൽപ്രശ്നങ്ങൾ മൂലം വിട്ടെടുപ്പിലുണ്ടായ കാലതാമസം ആണ് ഈ അവസ്ഥ സംജാതമാക്കിയത്. കൂടാതെ വാഗൺ പ്ലേസ്മെന്റ് മൂലം 9 ഉം 8 അവധി ദിനങ്ങളും വന്നു ചേർന്നതാണ് വിട്ടെടുപ്പിന് പ്രയാസങ്ങൾ ഉണ്ടായത്. |
| **(ബി)** യഥാസമയം ഏറ്റെടുത്തില്ലെങ്കിൽ മുൻകാലത്തെപ്പോലെ സമയം നീട്ടി നല്കാനാവില്ലെന്ന് എഫ്.സി.ഐ. സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; | **(ബി)** ഉണ്ട്. |
| **(സി)** അരിയുടെ കാര്യത്തിൽ ഏറ്റവും ലഭ്യതക്കുറവ് നേരിടുന്ന സംസ്ഥാനത്തിന്, ഭാവിയിൽ കൂടുതൽ അരി ആവശ്യപ്പെടാനുള്ള അവസരംപോലും നഷ്ടമാകും എന്നകാര്യം പരിഗണിച്ച് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ ? | **(സി)** ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.466 17.05.2017-ൽ മറുപടിയ്ക്ക്

മദ്യപാനത്തിലൂടെ ഉണ്ടാകുന്ന രോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.ടി.വി. ഇബ്രാഹിം<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) മദ്യപാനം മനുഷ്യന്റെ ആരോഗ്യത്തിന് എത്രത്തോളം ഹാനികരമാണെന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് വിവരശേഖരണമോ, പഠനമോ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | എ) മദ്യപാനം മനുഷ്യ ആരോഗ്യത്തിന് ഹാനികരമാണെന്ന് ശാസ്ത്രീയമായ തെളിവുകളും പഠനങ്ങളും ലോകത്തിന്റെ പലഭാഗങ്ങളിൽ നടത്തിയിട്ടുള്ളതും അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആണ്. എന്നാൽ 2012-ലെ ഹെൽത്ത് സർവൈലൻസ് പദ്ധതിയുടെ ചോദ്യാവലിയിൽ മദ്യപാനം സംബന്ധിച്ച വിവരശേഖരണം കൂടി ഉൾപ്പെടുത്തിയിരുന്നു. ആരോഗ്യവകുപ്പ് നേരിട്ട് നടത്തിയ പൈലറ്റ് സ്റ്റഡിയിൽ വിവരശേഖരണം നടത്തിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി. സർവ്വേ ആരംഭിക്കാനുള്ള പരിശീലനം 2016-17-ൽ നൽകി സർവ്വേ നടപടികൾ നടന്നുവരുന്നു. |
| ബി) മദ്യപാനത്തിലൂടെ ഉണ്ടാകുന്ന കരൾ രോഗങ്ങളുടെ തോത് എത്രയാണെന്നും, അത്തരത്തിലുള്ള എത്ര രോഗികൾ പ്രതിവർഷം സർക്കാർ ആശുപത്രികളിൽ ചികിത്സതേടുന്നു എന്നതിന്റെയും കണക്കുകൾ ലഭ്യമാണോ;എങ്കിൽ വ്യക്തമാക്കുമോ; | ബി) മദ്യപാനത്തിലൂടെ കരൾ രോഗം ഉണ്ടാകുമെന്നത് ശസ്ത്രീയമായി തെളിയിക്കപ്പെട്ട വസ്തുതയാണ്. ആളോഹരി മദ്യ ഉപഭോഗം കൂടുതലായുള്ള കേരളത്തിൽ കരൾ രോഗികളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. മെഡിക്കൽ കോളേജുകളിൽ കരൾ രോഗത്തിന് ചികിത്സ തേടുന്ന 60%ൽ അധികം രോഗികൾക്ക് മദ്യത്തിന്റെ അമിത ഉപയോഗം മൂലമാണ് കരൾ രോഗം ഉണ്ടാകുന്നതായി കണക്കാക്കപ്പെടുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് 41,300 രോഗികൾ പ്രതിവർഷം മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്നു. |

| | | |
|---|---|---|
| സി) | ഇക്കാര്യങ്ങളിൽ കൃത്യമായ കണക്ക് ശേഖരിക്കത്തക്കവിധം ആശുപത്രി ചികിത്സാരേഖകളിൽ ആവശ്യമായ വിവരങ്ങൾ കൂടി രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ? | സി) ഇ-ഹെൽത്ത് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ മദ്യപാനം കൊണ്ടുള്ള കരൾരോഗം ഉൾപ്പെടെയുള്ള എല്ലാ രോഗങ്ങളുടെയും കണക്കുകൾ ആരോഗ്യവകുപ്പിൽ ലഭ്യമാകുന്നതാണ്. ഇതു സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ ആശുപത്രി രേഖകളിൽ വരുത്തുന്നതിനുള്ള നടപടികൾ ഇ-ഹെൽത്ത് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:467** **17.05.2017**-ൽ മറുപടിക്ക്

## ആരോഗ്യമേഖലയിൽ നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. എ. കെ. ശശീന്ദ്രൻ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | രാജ്യത്തെ ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) | നീതി ആയോഗും കേന്ദ്ര ആരോഗ്യ മന്ത്രാലയവും സംയുക്തമായി Health Index Initiative ലൂടെ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നടപ്പിലാക്കി വരുന്നു. ആരോഗ്യ സൂചികകളും, സദ് ഭരണ സൂചികകളും ഫണ്ട് വിനിയോഗ സൂചികകളും ഉൾപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ Health Index തയ്യാറാക്കുന്നത്. ആഗസ്റ്റ് 2017 -ഓടെ Health Index തയ്യാറാക്കി സെപ്റ്റംബർ 2017-ൽ പ്രസിദ്ധീകരിക്കുമെന്നാണ് നീതി ആയോഗ് അറിയിച്ചിട്ടുള്ളത്. ഇതോടൊപ്പം 6 ഗുണനിലവാര സൂചികകളുടെ അടിസ്ഥാനത്തിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ജില്ലാ ആശുപത്രികളെയും റാങ്കിംഗ് നടത്തുന്നുണ്ട്. സർക്കാർ ടി സൂചികകളുടെ മാനദണ്ഡങ്ങൾ വിശദമായി പഠിച്ച്. ആരോഗ്യ മേഖലയിൽ നടപ്പാക്കേണ്ട സദ് ഭരണ പ്രവർത്തനങ്ങളും ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയാണ് ആർദ്രം മിഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് (IPHS) മാനദണ്ഡങ്ങൾ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, ഇ-ഹെൽത്ത് സംവിധാനം, മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, 12 സ്പെഷ്യാലിറ്റികളുടെ ലഭ്യത, ആശുപത്രി ശുചിത്വം, ലാബ് സൗകര്യം, മരുന്നുകളുടെ ലഭ്യത, സോഷ്യൽ ഓഡിറ്റ് സംവിധാനം തുടങ്ങിയവ ആരോഗ്യ മേഖലയിൽ ആർദ്രം മിഷനിലൂടെ നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br>ജില്ലാ ആശുപത്രികളടക്കം വിവിധ ആരോഗ്യ സ്ഥാപനങ്ങളുടേയും, ആരോഗ്യ പ്രവർത്തനങ്ങളുടേയും സംസ്ഥാന തലത്തിലും, ആരോഗ്യ സ്ഥാപന തലത്തിലും വിലയിരുത്തുന്നതിനുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങൾ നീതി ആയോഗിന്റെ വെബ്സൈറ്റിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വിഭാഗം ആശുപത്രികളുടേയും ആരോഗ്യ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്താനുമായി ആർദ്രം മിഷൻ അടക്കം വിവിധ പരിപാടികൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തിന് ഗുണകരവും നടപ്പാക്കാവുന്നതുമായ എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) | നീതി ആയോഗിന്റേതടക്കം ഗുണകരമായ താഴെ പറയുന്ന നിർദ്ദേശങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് .<br>1. ആശുപത്രി ഇൻഫർമേഷൻ സിസ്റ്റം<br>2. ബ്ലഡ് ബാങ്ക്, അണുനശീകരണ സംവിധാനം<br>3. ജില്ലാ ആശുപത്രികളിൽ 2 സ്പെഷ്യാലിറ്റികളുടെ ലഭ്യത<br>4. ആശുപത്രി ശുചിത്വം, ക്വാളിറ്റി സർട്ടിഫിക്കേഷൻ<br>5. ആധുനിക ലാബ് സൗകര്യം<br>6. പരാതി പരിഹാര സംവിധാനം<br>7. അവശ്യ മരുന്നുകളുടെ ലഭ്യത<br>8. ആശുപത്രി സോഷ്യൽ ഓഡിററ് സംവിധാനം<br>സി.എച്ച്.സി സ്റ്റാർ റേറ്റിംഗ് മാനദണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന രോഗീസൗഹൃദ സംവിധാനം, ആശുപത്രി ശുചിത്വം, ആധുനിക ലാബ്, പരാതി പരിഹാര സംവിധാനം, അവശ്യ മരുന്നുകളുടെ ലഭ്യത എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

17.05.2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 468

## ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ

ചോദ്യം

ശ്രീ.ജെയിംസ് മാത്യു
" എസ്.ശർമ്മ
" സി.കെ. ഹരീന്ദ്രൻ
" എൻ. വിജയൻ പിള്ള

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസും എം-ഗവേണൻസും വ്യാപകമാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് വ്യാപകമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട്, ഇ-സംഭരണം, ഇ-ഓഫീസ് എന്നീ സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി യഥാക്രമം റവന്യൂ സർട്ടിഫിക്കറ്റുകളുടെ വിതരണം, ദർഘാസ് നടപടികൾ, സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്ന നടപടികൾ എന്നിവ സുഗമവും സുതാര്യവും കാര്യക്ഷമവുമായി നടന്നു വരുന്നു. ഇ-ഗവേണൻസിന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥന്മാരെ വെർച്ചൽ ഐ.ടി കേഡർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. മിക്ക വകുപ്പുകളും അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇത് വഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും, അവരുമായി ആശയ വിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. അതുപോലെ ഇ-പ്രൊക്യൂർമെൻറ്,

ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്ട് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ചില വകുപ്പുകൾ പേപ്പർ രഹിത ഓഫീസുകളായി മാറിയിട്ടുണ്ട്. അവർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് വരുന്നു.

എം-ഗവേണൻസ് വ്യാപകമാക്കുന്നതിനായി കേരള സർക്കാർ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഏകീകൃത മൊബൈൽ ആപ്ലിക്കേഷൻ ആണ് 'എം-കേരളം'. സർക്കാർ വകുപ്പുകളുടെ വിവിധതരം സേവനങ്ങൾ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ജനങ്ങളിൽ എത്തിക്കുക എന്നതാണ് എം - ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശം.

(ബി) ഇത്തരം സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള വിവരസാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.

(സി) ഇ-ഗവേണൻസ് വ്യാപനത്തിന്റെ ഭാഗമായി ജനസേവനകേന്ദ്രങ്ങൾ വ്യാപിപ്പിക്കാനും അക്ഷയ കേന്ദ്രങ്ങളുടെ സേവന മേഖല വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

(സി) ഉണ്ട്.

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.469 17.05.2017 - ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് :<br>ശ്രീ.കെ.ദാസൻ :<br>ശ്രീ.പി.വി.അൻവർ :<br>ശ്രീ.കെ.ആൻസലൻ : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) സർക്കാർ ആശുപത്രികൾക്ക് വേണ്ട മരുന്നുകളും ഉപകരണങ്ങളും ആവശ്യാനുസരണം നൽകാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സാധ്യമാകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളിൽ പത്ത് ശതമാനം ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയെന്ന വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളിൽ പത്ത് ശതമാനം ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയെന്ന വാർത്ത അടിസ്ഥാനരഹിതമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത മരുന്നുകളിൽ 2015-16 കാലയളവിൽ 7,717 ബാച്ചിൽ 63 ഉം (0.82%) , 2016-17 ൽ 8,873 ബാച്ചിൽ 8 ഉം (0.12%) മാത്രമാണ് ഗുണനിലവാരമില്ലാത്തവയാണെന്ന് 11.05.2017 തീയതി വരെ കണ്ടെത്തിയിട്ടുള്ളത്. |
| (സി) മരുന്നു വാങ്ങുന്നതിലും സംഭരിച്ച് വിതരണം ചെയ്യുന്ന ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്താനായി കോർപ്പറേഷൻ ഏർപ്പെടുത്തിയ സംവിധാനം എന്തെന്ന് അറിയിക്കാമോ? | (സി) | മരുന്നു വാങ്ങുന്നതിലും സംഭരിച്ച് വിതരണം ചെയ്യുന്ന ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്താനായി കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ട് എന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നി |

ക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെററിക്സ് ആക്ട് പ്രകാരം ഇൻ-ഹൗസ് ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. റിപ്പോർട്ട് ക്രോസ് ചെക്ക് ചെയ്യാനായി ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ അംഗീകൃത ലാബുകളിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നല്കേണ്ട താണ്.

2) ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽ ലാബുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.

3) ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ചു വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10% ൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ചശേഷം മരുന്നുകളുടേയും ഉത്പാദകരുടേയും പേരും മറ്റു വിവരങ്ങളും മായ്ച്ച് കോർപ്പറേഷന്റെ സോഫ്റ്റ് വെയർ നൽകുന്ന സാമ്പിൾ കോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേക്ക് അയച്ചു ഗുണനിലവാര പരിശോധന നടത്തിക്കൊ ണ്ടിരിക്കുന്നത്. എംപാനൽ ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നു.

4) കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പ രാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപെട്ട മരുന്നിന്റെ ഉപയോഗം താൽക്കാലികമായി മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

5) ഇതു കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് നിയമപരമായ പരിശോധന (സ്ററാററ്യൂട്ടറി അനാലിസിസ്) നടത്തുകയും ചെയ്യുന്നുണ്ട്.

6) ശീതസംഭരണ ഊഷ്മാവിലും (2-8 ഡിഗ്രി സെൽഷ്യസ്) നാർക്കോട്ടിക്ക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായം വഴി

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ്, നോയിഡയിലും ഇതര സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലും ഡ്രഗ്സ് കൺട്രോളർ മുഖാന്തിരം ടെസ്റ്റ് നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറ ട്ടറികളിൽ നിന്നും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി അന്യത്ര സേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയ മിച്ചിട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരെയും കരാർ അടിസ്ഥാന ത്തിൽ നിയമിച്ചിട്ടുണ്ട്.

8) ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകളുടെ ഒന്നിലധികം ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമ ങ്ങൾ ആരംഭിക്കുന്നതാണ്.

9) ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ട് ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽ പെടുത്തിയാൽ പ്രസ്തുത മരുന്നു കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്നു വർഷത്തേക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യുന്നു. അപ്രകാരം നാളിതുവരെ ഒരു സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.



സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.470 17.05.2017 ൽ മറുപടിയ്ക്ക്

കേന്ദ്ര പ്രൈസ് മോണിറ്ററിംഗ് സെല്ലിന് നല്കുന്ന റിപ്പോർട്ട്

ചോദ്യം

ശ്രീ. സി.മമ്മൂട്ടി

ശ്രീ. ടി.എ.അഹമ്മദ് കബീർ

ശ്രീ.കെ.എം.ഷാജി

ശ്രീ.പി.ഉബൈദുള്ള :

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വിതരണം ചെയ്യുന്ന നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഇപ്പോൾ എത്ര സാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാമോ; പ്രസ്തുത ലിസ്റ്റിൽ 22 ഇനം മാത്രം ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡം വിശദമാക്കുമോ ; | (എ) | സബ്സിഡി വിലനിലവാരപ്പട്ടികയിൽ അരി ഉൾപ്പെടെ പതിനാറ് ഇനങ്ങളും, 24 ശബരി ഇനങ്ങളിൽ 52 സാധനങ്ങളുമാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. കൂടാതെ പൊതുവിപണിയെക്കാൾ കുറഞ്ഞനിരക്കിൽ ഫ്രീസെയിൽ സബ്സിഡി ഇനങ്ങളിൽ വിതരണം ചെയ്യുന്ന 27 ഇനങ്ങളുടേയും വില ടി പട്ടികയിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് പൊതുവെ ആവശ്യകതയുള്ളതും, വിലക്കയറ്റം നിരന്തരം ഉണ്ടാകുന്നതുമായ സാധനങ്ങളാണ് നിത്യോപയോഗ വസ്തുക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം. |
| (ബി) | ഈ ലിസ്റ്റിന് പരിഷ്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഈ ലിസ്റ്റ് പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സംസ്ഥാനം റിപ്പോർട്ട് നൽകുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കോഴിക്കോട് തുടങ്ങിയ ആറ് ജില്ലകളിലെ 22 നിത്യോപയോഗ സാധനങ്ങളുടെ ചില്ലറ മൊത്ത വിലകൾ കേന്ദ്ര സർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സമർപ്പിക്കുന്നു. പാവപ്പെട്ടവർ ആശ്രയിക്കുന്ന വിപണി, ഇടത്തരക്കാർ ആശ്രയിക്കുന്ന വിപണി, ധനികർ ആശ്രയിക്കുന്ന വിപണി എന്നിങ്ങനെ ഓരോ ജില്ലയിലേയും മൂന്ന് സ്ഥലങ്ങളിൽ നിന്നും വില ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നല്കുന്നത് |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *471 17.05.2017 ലെ മറുപടിക്ക്.

## നോർക്കയുടെ ആഭിമുഖ്യത്തിൽ ലോക കേരളസഭ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | |
|---|---|
| **(എ)** നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | **(എ)** പ്രവാസികളെ സംബന്ധിയ്ക്കുന്ന കാര്യങ്ങൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവർക്ക് കാലാനുസൃതമായ സേവനങ്ങൾ നൽകേണ്ടതാണ്.അതിന്റെ ഭാഗമായി 2017-18 വർഷത്തെ ബഡ്ജറ്റിൽ പുതിയ 5 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1).**ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായവും ഡേറ്റബെയ്സ് രൂപീകരണവും** :-പ്രവാസി മലയാളികളെക്കുറിച്ചുള്ള സമഗ്രമായ വിവരം ശേഖരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രവാസി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ പ്രവാസി മലയാളികൾക്ക് സഹായമെത്തിക്കുന്നതിനുമുള്ള പദ്ധതി.<br>2).**കമ്പോള ഗവേഷണം, നൈപുണ്യം നിയമനത്തോടനുബന്ധിച്ചും അതിന് മുൻപും ശേഷവുമുള്ള സേവനങ്ങൾ** :-തൊഴിലാളികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ യുക്തിഭദ്രമാക്കുക, പരിശീലനം, നൈപുണ്യ വികാസം, നിയമനാനന്തര സഹായം, നിയമസഹായം, തൊഴിലാളിക്കും തൊഴിൽ ദാതാവുമായുള്ള ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി റിക്രൂട്ട്മെന്റ് ഏജൻസികളുടേയും ഗവൺമെന്റിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി.<br>3).**ലോക കേരളസഭ** :-പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും അവ വിശകലനം ചെയ്ത് |

| | |
|---|---|
| | നവീന ആശയങ്ങൾ രൂപീകരിക്കുന്നതിനും രാജ്യത്തിന് അകത്തും പുറത്തുമുള്ള കേരളീയർ തമ്മിലുള്ള ബന്ധം സൃഷ്ടിയ്ക്കുന്നതിനും സഹായിക്കുന്ന പരിപാടി.<br>4).**ആഗോള സാംസ്കാരിക ഉത്സവം**:- കലാകാരൻമാർക്കും സാംസ്കാരിക പ്രവർത്തകർക്കും അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് പ്രവാസിമലയാളികളുടെ സഹകരണത്തോടെ കേരളത്തിൽ സാംസ്കാരിക ഉത്സവം സംഘടിപ്പിച്ച് സാംസ്കാരിക വിനിമയത്തിന് വേദിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പരിപാടി.<br>5).**വിമാനത്താവളങ്ങളിൽ അടിയന്തര ആംബുലൻസ് സേവനം** :- പ്രവാസി മലയാളികളുടെ അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കും, മരണപ്പെട്ട പ്രവാസി മലയാളിയുടെ മൃതശരീരം യഥാസ്ഥലത്തേക്ക് എത്തിക്കുന്നതിനും വിമാനത്താവളങ്ങളിൽ ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. |
| **(ബി)** ലോക കേരളസഭ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>**(സി)** ഉണ്ടെങ്കിൽ ഈ പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് പ്രവാസികൾക്ക് ലഭ്യമാകുക എന്ന് വ്യക്തമാക്കുമോ? | **(ബി)&(സി)** ഉണ്ട്, പ്രവാസ വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും വിദഗ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും ലോകകേരളസഭ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സാമാജികരും, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവാസിമലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാകുവാൻ പദ്ധതിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനാണ് ലക്ഷ്യമിടുന്നത്. 2018 ജനുവരി മാസം തിരുവനന്തപുരത്ത് ആദ്യ സമ്മേളനം നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*472 17.05.2017 ൽ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും പദ്ധതി സമർപ്പണവും

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കു മോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും ഈ സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അവലോകനം നടത്താറുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ യോഗം ഓരോ ത്രൈമാസത്തിനുശേഷവും ചേരുകയും തൊട്ടുമുമ്പുള്ള ത്രൈമാസത്തിന്റെ പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതു കൂടാതെ, മുഖ്യമന്ത്രി തലത്തിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും ചേരാറുണ്ട്. പ്രസ്തുത യോഗങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻഗണന നൽകി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനുവേണ്ടി 27.08.2016 ലെ സഉ (എം.എസ്) 34/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ (coordination cell for centrally sponsored schemes) |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ വകുപ്പുകളും ഈ പ്രത്യേക സെല്ലും ചേർന്ന് ഡൽഹി യിലെ റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സമയോചിതമായ ഇടപെടലുകളുടെ ഫലമായി 2015-2016 ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-2017 ൽ ലഭ്യമാക്കുകയുണ്ടായി. |
| ബി) | ഓരോ വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല ആർക്കാണ് നല്കിയിട്ടുളളത്; | ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന ഓരോ ഭരണവകുപ്പിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ഫീൽഡ് തല വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട കേന്ദ്രാ വിഷ്കൃത പദ്ധതികളുടെ നോഡൽ ഓഫീസർമാരായി വകുപ്പുതലവൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | 2016-17 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏതൊക്കെ പദ്ധതികളിലായി എത്ര തുകയാണ് സംസ്ഥാനത്തിന് നഷ്ടമായത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | സി) | 2016-17 ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച കേന്ദ്രവിഹിതത്തിന്റെ അടങ്കൽ തുക മുഴുവനും കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഏതൊക്കെ പദ്ധതിവിഹിതമാണ്, എന്തു കാരണം കൊണ്ടാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നിവ പരിശോധിച്ചു വരികയാണ്. |
| (ഡി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ സംസ്ഥാനം സർപ്പിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്; | (ഡി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ വിവിധ വകുപ്പുകൾ പദ്ധതികൾ സമർപ്പിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ വർഷം സമർപ്പിക്കാൻ പോകുന്നതും നടപ്പിലാക്കുവാൻ പോകുന്നതുമായ പദ്ധതികൾ ഏതൊക്കെ യാണ് എന്ന് വ്യക്തമാക്കാമോ? | (ഇ) | 2016-17 ൽ ഉള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് 2017-18 ലും തുടർന്നു പോകുന്നത്. അതുമുഴുവനും നടപ്പിലാക്കുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ഏതെങ്കിലും പുതിയ പദ്ധതി കേന്ദ്രം ആവിഷ്കരിക്കുന്നുണ്ടെങ്കിൽ അതും സംസ്ഥാനത്തു നടപ്പാക്കാൻ അംഗീകാരം നേടിയെടുക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ

| പതിനാലാം കേരള നിയമസഭ | |
|---|---|
| അഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.473 | 17/05/2017 ൽ മറുപടിക്ക് |
| സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരണം | |
| ചോദ്യം | മറുപടി |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, റോജി എം. ജോൺ<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം ഏത് ഘട്ടത്തിലാണ്; | (എ) യും (ബി) യും (സി) യും | സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് (Ministry of Personnel,Public Grievances and Pensions) കരട് ബില്ല് തയ്യാറാക്കുകയും ആയതിന്റെ പകർപ്പ് സംസ്ഥാന ഗവൺമെന്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള പ്രസ്തുത കരട് ബിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിലാകുമോ ഈ കമ്മീഷന്റെ പ്രവർത്തനം എന്നറിയിക്കാമോ; | | |
| (സി) | നിലവിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് പകരമായിരിക്കുമോ ഈ സംവിധാനമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 474 | 17.05.2017 -ൽ മറുപടിക്ക്.

**ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ വിഘടിപ്പിക്കുക (Unbundle) എന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ ശ്രീ.ശാന്തകുമാർ എം.പി. യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ ; | (എ) കേന്ദ്രസർക്കാർ ശ്രീ.ശാന്തകുമാർ എം.പി. യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉന്നതതല സമിതി യുടെ പരിശോധനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കമ്മറ്റിയുടെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br>(സി) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്തണമെന്നും ഭക്ഷ്യധാന്യങ്ങൾക്ക് മിനിമം താങ്ങുവില നിശ്ചയിക്കുന്ന രീതി ഒഴിവാക്കണമെന്നും ഭക്ഷ്യധാന്യത്തിന് പകരം ആധാർ ബന്ധിതമോ ജൻധൻ പദ്ധതിയുമായി സംയോജിപ്പിച്ചോ ധാന്യത്തിന് പകരം പണം നൽകി ഭക്ഷ്യ മേഖലയിൽ സർക്കാർ സബ്സിഡിയിനത്തിലുള്ള ചെലവു കുറയ്ക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇവ ഭക്ഷ്യ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് പരിശോധിച്ചിരുന്നോ ;<br>(ഡി) കമ്മറ്റിയുടെ മുമ്പാകെ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുന്നതിനായി ആരൊക്കെയാണ് നിയോഗിക്കപ്പെട്ടിരുന്നതെന്നും ഇവർ മുഖേന മുൻ സർക്കാർ സ്വീകരിച്ച നിലപാട് എന്തെന്നും അറിയിക്കാമോ ? | (ബി), (സി) & (ഡി) ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, പൊതു വിതരണ സമ്പ്രദായം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ സംബന്ധിച്ചും എഫ്.സി.ഐ യുടെ സംഭരണ വിതരണ സൗകര്യങ്ങൾ, തൊഴിലാളി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചും പൊതു വിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവത്കരണം സംബന്ധിച്ചും സമിതി വിവിധ ശിപാർശകൾ നല്കിയിരുന്നു. ഭക്ഷ്യ കമ്മി സംസ്ഥാനങ്ങൾക്ക് പൊതു വിതരണ സമ്പ്രദായത്തിൽ അതാത് സംസ്ഥാനങ്ങളുടെ താല്പര്യത്തിന് അനുസരിച്ച് പണം അല്ലെങ്കിൽ ഭക്ഷ്യധാന്യം നല്കുന്ന രീതി നടപ്പിലാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നിലവിലെ രീതി മാറ്റുന്നത് സംബന്ധിച്ച് സംസ്ഥാനം തീരുമാനം ഒന്നും എടുത്തിട്ടില്ല. പ്രസ്തുത സമിതിയുടെ ശിപാർശകൾ ഭക്ഷ്യ മേഖലയെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചു വരികയാണ്. സിവിൽ സപ്ലൈസ് കമ്മീഷണറും ഭക്ഷ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുമാണ് കമ്മിറ്റി യോഗത്തിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സമിതിയുടെ പരിശോധനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) FCI യുടെ നിലവിലുള്ള ഭരണ-പ്രവർത്തന-സാമ്പത്തിക ഘടനയും വിവിധ പ്രവർത്തന രീതികളും പരിശോധിക്കുക.

2) സാമ്പത്തിക നിർവഹണവും പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കത്തക്ക രീതിയിൽ FCI യുടെ പുനസംഘടനയുടെ വിവിധ രീതികളെക്കുറിച്ച് പഠിക്കുകയും ഏറ്റവും യോജിച്ച രീതി നിർദ്ദേശിക്കുകയും ചെയ്യുക.

3) FCI യുടെ ഭക്ഷ്യധാന്യ വിനിമയത്തിൽ ആകമാന പുരോഗതിയ്ക്കാവശ്യമായ നടപടികൾ നിർദ്ദേശിക്കുക.

4) MSP ഓപ്പറേഷൻസ്, ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, വിതരണം, രാജ്യത്തെ ഭക്ഷ്യ സുരക്ഷാ സംവിധാനം തുടങ്ങിയ FCI യുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

5) രാജ്യത്തെ ഭക്ഷ്യധാന്യങ്ങളുടെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുക.

6) ഭക്ഷ്യധാന്യ സംഭരണത്തിന് ശാസ്ത്രീയവും കൂടുതൽ കാര്യക്ഷമവും ഫലപ്രദവും എന്നാൽ ചെലവു കുറഞ്ഞതുമായിട്ടുള്ള മാതൃകകളും ചരക്കു കടത്തിന് ഏറ്റവും ചെലവു കുറഞ്ഞതും യുക്തിസഹവുമായിട്ടുള്ള മാർഗ്ഗങ്ങളും കണ്ടെത്തി നിർദ്ദേശിക്കുക.

7) ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിനും വിതരണത്തിനും വേണ്ടി നിലവിലുള്ള സാങ്കേതിക വിദ്യയുടെ നവീകരണത്തിനുള്ള നിർദ്ദേശങ്ങൾ നല്കുക.

(signature)

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*475 17.05.2017 ൽ മറുപടിക്ക്

# നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഐ.ബി. സതീഷ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) വികസന പ്രക്രിയയുടെ പൂർണ്ണ പ്രയോജനം ഇനിയും ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.<br><br>2) ആരോഗ്യമേഖല ഉൾപ്പെടെയുള്ള വികസന രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുക വഴി കേരള വികസന മാതൃക പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുക. |

| | | | |
|---|---|---|---|
| | | | 3) ജലവും, മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.<br><br>4) വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ച് പിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരിതാവരണം സൃഷ്ടിക്കുക.<br><br>5) താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റ് വിഭവങ്ങളുടേയും ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.<br><br>6) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപിപ്പിക്കുക.<br><br>7) സ്ഥാപനതല-വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധതാ വിഭവങ്ങളുടേയും ജനകീയ സ്രോതസ്സുകളുടേയും സംയോജനം സാധ്യമാക്കുക. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്; | ബി) | താഴെപ്പറയുന്ന 6 മുൻഗണനാ മേഖലകളെ കോർത്തിണക്കിക്കൊണ്ടാണ് വികസന മിഷനുകൾക്ക് രൂപം നൽകിയിരിക്കുന്നത്<br>1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ<br>2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ<br>3. പൊതു വിദ്യാഭ്യാസ സംരക്ഷണം<br>4. ശുചിത്വ - മാലിന്യ സംസ്കരണം,<br>5. മണ്ണ്- ജല സംരക്ഷണം<br>6. ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം |
| സി) | ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; താഴെത്തട്ടുകളിൽ ഏതെല്ലാം നിലയിലുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടുകൂടിയാണ് മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുന്നത്; | സി) | നിലവിലുള്ള ജനകീയാസൂത്രണ സംവിധാനത്തിൽ മിഷനുകൾ സംയോജിപ്പിച്ച ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വവും ഉറപ്പാക്കുവാൻ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. താഴെത്തട്ടുകളിൽ കുടുംബശ്രീ, കൃഷിഭവനിലെ കാർഷിക കൂട്ടായ്മ, വിവിധ രാഷ്ട്രീയ പാർട്ടികളിലെ കർഷക സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ, തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വിവിധ തലത്തിലുള്ള മിഷൻ പ്രവർത്തനങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധ സംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഡി) | മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെട്ടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇവയ്ക്ക് വേണ്ടി വരുന്ന സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കാമോ? | ഡി) | മിഷനുകളുടെ ഭാഗമായി പൊതുപദ്ധതികൾ രൂപപ്പെട്ടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. ഇവയ്ക്ക് വേണ്ടി വരുന്ന സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും ആവശ്യാനുസരണം ലഭിക്കുന്നതിന് മിഷനുകളുടെ സഹായം ലഭ്യമാക്കുന്നതാണ്. |

Sebeml

സെക്ഷൻ ഓഫീസർ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *476** | **17.05.2017-ൽ മറുപടിക്ക്**

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ജില്ലകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തി കണ്ടെത്തുന്ന ഒഴിവുകൾ പട്ടിക തിരിച്ച് പ്രസ്തുത സെല്ലിൽ സൂക്ഷിക്കാത്ത സ്ഥിതിയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് പ്രസ്തുത സെല്ലിന് ഉള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത സെൽ കൃത്യമായ കണക്ക് സൂക്ഷിക്കാതെ എങ്ങനെയാണ് തുടർനടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കണക്ക് സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) നിലവിൽ പട്ടിക തിരിച്ച് വിശദാംശങ്ങൾ സൂക്ഷിക്കുന്നുണ്ട്. 2016 ഡിസംബർ മാസത്തിൽ നടത്തിയ 'ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ' മുതലാണ് വിപുലമായ രീതിയിൽ ഒഴിവുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 2016 ഡിസംബർ 31 ന് കാലാവധി പൂർത്തിയായ പി.എസ്.സി റാങ്ക് പട്ടികകൾക്ക് പ്രാധാന്യം നൽകി പരമാവധി ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള വിവിധ ഓഫീസുകളിലും ഡയറക്ടറേറ്റുകളിലുമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ 2394 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ടി ഒഴിവുകൾ സംബന്ധിച്ച് വകുപ്പ്, തസ്തിക, ഓഫീസ് തിരിച്ചുള്ള പട്ടിക അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ സൂക്ഷിച്ചിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത പ്രൊഫോർമയിലാണ് ശേഖരിക്കാറുള്ളത്. കണ്ടെത്തിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പ്രത്യേകമായി പരിശോധിച്ച് വകുപ്പ് മേധാവികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകാറുണ്ട്. |
| (സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം ആരാണ് വകുപ്പുകൾക്ക് നൽകുന്നത് ഏത് വിധത്തിലാണ്; വാക്കാലുള്ള നിർദ്ദേശമാണോ അതോ കത്തു മുഖേനയോ എന്ന് വ്യക്തമാക്കുമോ;<br><br>(ഡി) കത്ത് മുഖേനയെങ്കിൽ 2016 ജനുവരി മുതൽ ഇതുവരെ നൽകിയ കത്തുകളുടെ | (സി) & (ഡി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനായി കാലാകാലങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും പരിപത്രം മുഖേന നിർദ്ദേശം നൽകി വരാറുണ്ട്. 2016 ജനുവരി മുതൽ ഇതുവരെ ഇത്തരത്തിൽ പുറപ്പെടുവിച്ച പരിപത്രങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി |

| | |
|---|---|
| വിശദാംശം വ്യക്തമാക്കാമോ; വാക്കാലുള്ള നിർദ്ദേശമാണെങ്കിൽ സർക്കാർ സംവിധാനത്തിൽ അത്തരം നിർദ്ദേശങ്ങളുടെ സാധുത എത്രയെന്ന് വെളിപ്പെടുത്തുമോ? | വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting and Monitoring System) എന്ന പേരിൽ സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുകയും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ 2017 ജനുവരി മാസം മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പരിശീലനാടിസ്ഥാനത്തിൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള സർക്കാർ

### ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

### പരിപത്രം

നമ്പർ ഉപ. സി. 3/38/2016-ഉഭപവ.

*തിരുവനന്തപുരം, 2016 മേയ് 27.*

**വിഷയം:**—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—സംസ്ഥാനത്തെ സർക്കാർ സർവ്വീസിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

സംസ്ഥാനത്തെ സർക്കാർ സർവ്വീസിലേക്കുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി കൈക്കൊള്ളണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നടപടികൾ എല്ലാ വകുപ്പദ്ധ്യക്ഷന്മാരും നിയമനാധികാരികളും ഉടൻ സ്വീകരിക്കേണ്ടതാണ്.

**I. പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച്**

അതതു വകുപ്പുമായി ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ, നിലവിലുള്ള എല്ലാ ഒഴിവുകളും ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരും നിയമനാധികാരികളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പ്രസ്തുത വിവരം താഴെപ്പറയുന്ന ഫോർമാറ്റിൽ സർക്കാരിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്-സി) വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് 3-6-2016 വരെയുള്ള ഓരോ ദിവസവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| *വകുപ്പിന്റെ പേര്* | *തസ്തിക* | *പി.എസ്.സി. റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് നിലവിലുണ്ടോ* | *പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഒഴിവുകളുടെ എണ്ണം* | *പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം* | *റിപ്പോർട്ട് ചെയ്ത തീയതി* |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |

**II. പി.എസ്.സി. റാങ്ക് പട്ടിക നിലവിലില്ലാത്ത കേസുകൾ**

അതതു വകുപ്പുമായി ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് പട്ടിക നിലവിലില്ലെങ്കിൽ അത്തരം ഒഴിവുകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരും നിയമനാധികാരികളും താഴെപ്പറയുന്ന ഫോർമാറ്റിൽ സർക്കാരിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്-സി) വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് 3-6-2016 വരെയുള്ള ഓരോ ദിവസവും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

GCPT. 3/1700/2016/1000/S-2.

| വകുപ്പിന്റെ പേര് | തസ്തിക | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി | നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |

III. പി.എസ്.സി. റാങ്ക് പട്ടിക നിലവിലില്ലാത്തതിനാൽ നികത്താൻ കഴിയാത്ത തസ്തികകൾ ചട്ടപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാൻ വകുപ്പദ്ധ്യക്ഷന്മാരും നിയമനാധികാരികളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

2. ഒരു ഒഴിവും റിപ്പോർട്ട് ചെയ്യാനില്ലെങ്കിൽ അക്കാര്യവും വകുപ്പദ്ധ്യക്ഷന്മാരും നിയമനാധികാരികളും സർക്കാരിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

സത്യജീത് രാജൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും/നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

*പകർപ്പ്:*—ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Personnel and Administrative Reforms (Advice-C) Department**

CIRCULAR

No. Adv. C3/104/2016/P&ARD.

*Dated, Thiruvananthapuram, 17th August, 2016.*

*Sub:*—Personnel and Administrative Reforms Department—Recruitment to Public Service—Advance intimation to the Kerala Public Service Commission regarding anticipated vacancies—Instructions—Issued.

*Ref:*—1. G. O. (Ms.) No. 232/1971/PD dated 12-8-1971.

2. G. O. (P) No. 38/1992/P&ARD dated 18-9-1992.
3. Circular No. 4185/Adv.C3/2009/P&ARD dated 1-6-2009.
4. Circular No. 5755/Adv.C3/2013/P&ARD dated 2-4-2013.
5. Circular No. 10336/Adv.C3/2014/P&ARD dated 23-7-2014.
6. Circular No. 8983/Adv.C3/2015/P&ARD dated 17-8-2015.

As per the reference first cited, it was ordered that the Appointing Authorities should report to the Kerala Public Service Commission, the vacancies estimated for one year in each category of posts separately by the first of June every year and that if no vacancies are anticipated a 'Nil' report should invariably be sent.

GCPT.3/2857/2016/S-11.

2. Again, as per the Circular 3rd cited, all Heads of Departments and Appointing Authorities were directed to see that the anticipated vacancies for the calendar year that are caused by retirement/promotion/creation/ deputation etc. or 'Not Joining Duty' of a candidate advised earlier are assessed and reported to the Kerala Public Service Commission, concerned Administrative Department and Personnel and Administrative Reforms (Advice-C) Department in advance latest by the 30th June every calendar year. Similar instructions were given in Circular 4th, 5th and 6th cited.

3. In the above circumstances, in order to avoid delay in assessing and reporting vacancies to the Kerala Public Service Commission, Government are pleased to issue the following instructions to the Heads of Departments/ Appointing Authorities:—

(i) The Appointing Authorities should report to the Public Service Commission the anticipated vacancies for the calendar year 2017 (1st January, 2017 to 31st December, 2017) in each category of posts separately by the 1st September, 2016. If no vacancies are anticipated, a 'Nil' report should invariably be sent. The details of vacancies reported to the Kerala Public Service Commission for the calendar year 2017 shall be furnished by the Appointing Authorities to the Administrative Department concerned in the Secretariat with copy to Personnel and Administrative Reforms (Advice-C) Department by 30th September, 2016 without fail in the following format:—

| *Name of Department* | *Name of Post* | *Number of vacancies anticipated* | *Number of vacancies reported to KPSC* | *Date of reporting to KPSC* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |

(ii) In the case of state-wise recruitment, the responsibility of reporting anticipated vacancies to KPSC lies with the Heads of Departments concerned.



(iii) In the case of District-wise recruitment when an officer retires from a promoted post, it is the responsibility of the Heads of Departments to determine the District where a vacancy in the entry cadre post is likely to arise, on the basis of the final seniority list of officers in the entry cadre for promotion in his department and to inform the same to the District Officers concerned in his department, so as to enable them to report these vacancies to KPSC.

(iv) While reporting anticipated vacancies, prescribed percentage of vacancies as per rules should be set aside for By-transfer appointment, Inter-district/Inter-departmental transfer, appointment under Compassionate Employment Scheme and other appointment, specified in special rules.

(v) The Appointing Authorities should exercise extreme diligence and accuracy in reporting vacancies to the Public Service Commission. When once the vacancies are reported to the Commission, they should neither be cancelled nor reduced. They should also note that the date of occurrence of the vacancy should be treated as the crucial date for deciding the method of appointment. The practice, if any, of filling the vacancies by promotion/transfer after reporting the vacancies to the Commission should be discontinued.

(vi) All the vacancies with a duration of six months and above except leave vacancies should invariably be reported to the Commission.

(vii) Maternity leave vacancies for six months need not be reported to Kerala Public Service Commission. But the Maternity leave vacancies that are likely to continue beyond six months should be reported to K.P.S.C. if the vacancies are likely to last long and new vacancies are likely to arise.

(viii) When there is a ranked list, existing vacancies shall invariably be filled up from the candidates in that list.

(ix) All 'Not Joining Duty' (NJD) vacancies should be reported to K.P.S.C. soon after the completion of time limit prescribed for joining duty. Appointing Authority shall ensure that no request for extension of joining time is pending with the Government or with the Appointing Authority before the fact of 'Not Joining Duty' is reported to the K.P.S.C.

(x) Provisional appointments through Employment Exchanges, daily wages and contract basis shall not be resorted to in respect of any posts for which there is a valid Public Service Commission ranked list.

(xi) The Heads of Departments/Appointing Authorities will take utmost care in furnishing the correct information on the vacancy position in the prescribed pro forma (appended for ready reference) to Kerala Public Service Commission.

4. Any violation of these instructions by any of the Heads of Departments/Appointing Authority will be viewed seriously and the officer concerned shall be held personally responsible.

SATYAJEET RAJAN,
*Principal Secretary.*

To

All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries.
All Heads of Departments/Appointing Authorities and Offices.
All Chief Executives of Public Sector Undertakings.
All Heads of Autonomous Bodies/Quasi Government Organisations.
All District Collectors.
All Departments (all sections) of the Secretariat including Law and Finance.
The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.).
The Accountant General (A&E), Kerala, Thiruvananthapuram (with C.L.).



The Secretary, Kerala Public Service Commission (with C.L.).
The Secretary, Legislature Secretariat (with C.L.).
The Registrar, High Court of Kerala, Ernakulam (with C.L.).
The Registrar, University of Kerala/Kochi/Kozhikode/Kannur (with C.L.).
The Registrar, Mahatma Gandhi University, Kottayam (with C.L.).
The Registrar, Kerala Agricultural University, Thrissur (with C.L.).
The General Manager, Kerala State Road Transport Corporation, Thiruvananthapuram (with C.L.).
The Secretary, Kerala State Electricity Board, Thiruvananthapuram (with C.L.).
The Advocate General, Ernakulam/Thiruvananthapuram Branch (with C.L.).
The Private Secretary to Chief Minister and other Ministers (with C.L.).
The Private Secretary to the Leader of Opposition, Cantonment House, Thiruvananthapuram (with C.L.).
The Private Secretary to the Speaker/Deputy Speaker, Legislative Assembly, Thiruvananthapuram (with C.L.).
The Secretary to the Governor, Raj Bhavan, Thiruvananthapuram (with C.L.).
The Additional Secretary to the Chief Secretary.
The Director, Information and Public Relations Department (for wide publicity).
Information and Public Relations (Web and New media) Department (for uploading in Government website).
Stock File/Office Copy.

## PRO FORMA FOR REPORTING VACANCIES FOR THE YEAR.........

**[Vide G. O. (P) No. 38/92/P&ARD dated 18-9-1992]**

............................................ **Department**

1. Designation of the post with scale of pay. :
2. Name of the service to which the post belongs [as classified under Kerala Civil Service (Classification, Control, and Appeal) Rules, 1960]. :
3. Method of recruitment i.e., by direct recruitment (if direct recruitment is prescribed as a method of appointment to be reported to only in the absence of qualified hands for promotion/transfer, it should also be made clear whether the method of promotion/transfer has been tried and if so with what results) or Transfer (the feeder category or categories should be specified wherever possible) or promotion. :
4. The rules or orders of Government if any, prescribing any of the method under 3 above in respect of the post, the number and date of Government Order or the Service Rules to be quoted. :



5. Qualifications prescribed for each method of recruitment including qualification regarding age. :
6. The rules or orders of Government if any, prescribing the qualifications under item 5 above in respect of the post (number and date of Government Order or Rule to be quoted). :
7. Number of vacancies (in the case of District-wise selections, specify whether vacancies are Headquarters or District vacancies). :
8. Whether the vacancy reported is a fresh one caused by retirement/promotion/ creation/deputation etc. or NJD vacancy ie., vacancy caused by the Not Joining Duty of a candidate advised earlier. :
9. If the vacancy is one caused by the not joining duty of candidate advised earlier, specify the name/names of candidates who failed to join duty and the date of advice of those candidates (use separate sheet if space in the pro forma is not sufficient). :

10. Whether the vacancy has already been reported to the Commission, and if so, the number and date of letter reporting the vacancy and the number and date of communication if any received from the Commission may also be furnished. :

11. The date of occurrence of vacancy. :

12. Probable duration of the vacancies. :

13. Designation of the appointing authority. :

14. Other points if any. :

*Signature,*
*Name and Designation*
*of the Appointing Authority.*

**കേരള സർക്കാർ**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

പരിപത്രം

നമ്പർ ഉപ.സി. 3/262/2016/ഉഭപവ. *തിരുവനന്തപുരം, 2016 നവംബർ 5.*

വിഷയം:—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്—സംബന്ധിച്ച്.

വിവിധ വകുപ്പുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുവേണ്ടി പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ തസ്തികകൾ സംബന്ധിച്ച് നിലവിലുള്ള ഒഴിവുകൾ എല്ലാം തന്നെ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാർ/നിയമനാധികാരികൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിവുകളുടെ എണ്ണം തരംതിരിച്ച് കണക്കാക്കി സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നത് അതാത് വകുപ്പുകളുടെ അദ്ധ്യക്ഷൻമാരും സർക്കാരിലെ വകുപ്പ് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ പുരോഗതി ഓരോ മാസവും വിലയിരുത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരും/വകുപ്പ് സെക്രട്ടറിമാരും തങ്ങളുടെ വകുപ്പിൽ ഓരോ മാസവും (1-ാം തീയതി മുതൽ 30-ാം തീയതി വരെ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ തസ്തിക തിരിച്ച് സമാഹൃത വിശദാംശങ്ങൾ താഴെക്കൊടുത്തിരിക്കുന്ന പ്രൊഫോർമയിൽ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി reportvacancies@kerala.gov.in എന്ന ഇ-മെയിൽ ID-ലേക്ക് മെയിൽ ചെയ്യേണ്ടതും പകർപ്പ് തപാൽ മുഖേന ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

GCPT. 3/3677/2016/S-22.

........................മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം

| ക്രമ നമ്പർ | തസ്തികയുടെ പേര് | ഒരു മാസം ഉണ്ടായ ഒഴിവുകളുടെ എണ്ണം | ഒരു മാസം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

ഈ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ മേൽനോട്ടം സെക്രട്ടേറിയറ്റിൽ ഭരണ വകുപ്പിലെ പാർലമെന്റ് സെക്ഷനുകൾക്കായിരിക്കും. എല്ലാ വകുപ്പദ്ധ്യക്ഷൻമാരും ഹെഡ്ക്വാർട്ടേഴ്സിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇക്കാര്യത്തിനുള്ള നോഡൽ ഓഫീസറായി നിയമിച്ച് അവരുടെ മൊബൈൽ ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ഭരണ വകുപ്പിനെയും പി&എആർഡി (ഉപദേശ-സി) വകുപ്പിനേയും അറിയിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ചീഫ് സെക്രട്ടറി തലത്തിൽ ഓരോ മാസവും അവലോകനം ചെയ്യുന്നതും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. 2016 ഒക്ടോബർ 31 വരെ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ മുകളിൽ കാണിച്ചിട്ടുള്ള പ്രൊഫോർമയിൽ 2016 നവംബർ 20-ാം തീയതിക്കുമുമ്പായി ലഭ്യമാക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്,
*ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.



പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തുസഹിതം).

പൊതുഭരണ (എസ്.സി.) വകുപ്പ്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

## <u>പരിപത്രം</u>

നം.ഉപ.സി.3/91/2016-ഉഭപവ

തിരുവനന്തപുരം, തീയതി 12.01.2017

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - VARAM Software- ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സംവിധാനം ഉപയോഗിച്ച് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ പുരോഗതി ഓരോ മാസവും വിലയിരുത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരും/വകുപ്പ് സെക്രട്ടറിമാരും തങ്ങളുടെ വകുപ്പിൽ ഓരോ മാസവും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ തസ്തിക തിരിച്ച് സമാഹൃത വിശദാംശങ്ങൾ നിർദിഷ്ട പ്രൊഫോർമയിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ട് ചീഫ് സെക്രട്ടറി തലത്തിൽ ഓരോ മാസവും അവലോകനം ചെയ്യുന്നതാണെന്നും അറിയിച്ചിരുന്നു.

ഇതിന്റെ ഫലപ്രദമായ നടത്തിപ്പിന് സർക്കാർ ഒരു പുതിയ സോഫ്റ്റ് വെയർ 'VARAM' (Vacancy Arising, Reporting and Monitoring System) വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ് വെയർ കൈകാര്യം ചെയ്യുന്നതിന് എല്ലാ വകുപ്പിലേയും ഉദ്യോഗസ്ഥർക്ക് പരിശീലനവും നൽകി കഴിഞ്ഞു. 2017 ഫെബ്രുവരി മാസം മുതൽ എല്ലാ വകുപ്പുകളും നിർബന്ധമായും VARAM Software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതും ജനുവരി മാസത്തെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്. അതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്.

| | |
|---|---|
| 16.01.2017 വരെ | വകുപ്പിലെ തസ്തികകളുടെ വിവരങ്ങൾ(Cadre), തസ്തികകളുടെ എണ്ണം ( Cadre Strength), സബ് ഓഫീസുകളുടെ നിയമനാധികാരികളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്. |
| 17.01.2017 മുതൽ 20.01.2017 വരെ- | 2017 ജനുവരി മാസത്തെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. |

2017 ഫെബ്രുവരി മാസം മുതൽ ഓരോ മാസത്തിലും ഉണ്ടാകുന്ന ഒഴിവുകളുടെ വിവരങ്ങൾ തൊട്ടടുത്ത മാസം **<u>10-ാം തീയതിക്കു മുമ്പായി</u>** ഇ-വേക്കൻസി സോഫ്റ്റ് വെയറിൽ(VARAM) രേഖപ്പെടുത്തേണ്ടതാണ്. 10-ാം തീയതിക്കു ശേഷം പ്രസ്തുത വിവരം രേഖപ്പെടുത്തുവാൻ കഴിയുന്നതല്ല. വേക്കൻസി റിപ്പോർട്ടിംഗ് സോഫ്റ്റ് വെയറിൽ ഒഴിവുകളുടെ

വിവരങ്ങൾ രേഖപ്പെടുത്തി മേലധികാരി അംഗീകരിച്ചതിന്റെ പകർപ്പ് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടെ **അതാതു മാസം 20-ാം തീയതിയ്ക്ക് മുൻപ്** തപാൽ മാർഗ്ഗവും ഇ-മെയിൽ( reportvacancies@kerala.gov.in) മുഖാന്തിരവും സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. സോഫ്റ്റ് വെയറിൽ നിന്നും എടുത്ത പകർപ്പ് മാത്രമേ സർക്കാർ സ്വീകരിക്കുകയുള്ളൂ.

ഈ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ മേൽനോട്ടം സെക്രട്ടേറിയറ്റിൽ ഭരണ വകുപ്പിലെ പാർലമെന്റ് സെക്ഷനുകൾക്കായിരിക്കും. എല്ലാ വകുപ്പദ്ധ്യക്ഷൻമാരും, ഹെഡ്ക്വാർട്ടേഴ്സിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഇക്കാര്യത്തിനുള്ള നോഡൽ ഓഫീസറായി നിയമിച്ച് അവരുടെ മൊബൈൽ ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ഭരണ വകുപ്പിനെയും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(ഉപദേശ-സി) വകുപ്പിനെയും അറിയിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ചീഫ് സെക്രട്ടറി തലത്തിൽ ഓരോ മാസവും അവലോകനം ചെയ്യുന്നതാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

**സത്യജീത്ത് രാജൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
പൊതുഭരണ(എസ്.സി) വകുപ്പ്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Ranjith AR
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 477 17/05/2017-ൽ മറുപടിക്ക്

## കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| (എ) | കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ, കുഴൽ കിണർ, അറ്റകുറ്റപണി, കാലപ്പഴക്കം ചെന്ന ഉപകേന്ദ്രങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുക, എന്നിവയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പ്പ്, NCD Clinic, Adolescent Health Clinic, പകർച്ചവ്യാധി നിയന്ത്രണം മറ്റ് രോഗ നിയന്ത്രണ പരിപാടികൾ എന്നിവ ജനപങ്കാളിത്തത്തോടെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. E-Health സംവിധാനം വരുന്നതോടെ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്ന സേവനങ്ങൾ മെച്ചപ്പെടുത്തി ഇവയെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. |
| ബി) | ഓരോ ഉപകേന്ദ്രത്തിനും അനുവദനീയമായ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ; | ബി) | ഓരോ ഉപകേന്ദ്രത്തിനും ജെ.എച്ച്.ഐ. ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ആണ് അനുവദനീയമായ സ്റ്റാഫ് പാറ്റേൺ. |
| സി) | ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; അവ കൃത്യതയോടെ പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) | വാർഡ് തല കുടുംബക്ഷേമ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക, ഗർഭകാല പരിചരണം ഉറപ്പ് വരുത്തുക, പ്രസവം ആശുപത്രികളിൽ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുക, അമ്മയ്ക്കും കുഞ്ഞിനുമുള്ള പരിചരണം, മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യം. കേരളത്തിൽ മാറിയ രോഗാതുരതയുടെ സാഹചര്യത്തിൽ ജീവിത ശൈലീരോഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രത്യേക ആരോഗ്യ പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ സഹായത്തോടെ ഫീൽഡ് തല ആരോഗ്യ പ്രവർത്തനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.478 | 17/05/2017 ൽ മറുപടിക്ക് |
|---|---|

## പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ<br>,, ഇ.പി.ജയരാജൻ<br>,, ബി.സത്യൻ<br>,, ആന്റണി ജോൺ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പരാതികളിന്മേൽ അന്വേഷണം മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. |
| (ബി) | പൊതുജന പങ്കാളിത്തത്തോടെ അഴിമതി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാർ അഴിമതിരഹിതമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി ചേർന്ന് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | അഴിമതി വെളിച്ചത്ത് കൊണ്ടുവരുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | ഒരു കോടിയിലധികം രൂപയ്ക്ക് മേലുള്ള അഴിമതി കണ്ടെത്താൻ സഹായിക്കുന്ന വ്യക്തിക്ക് 5 ലക്ഷം രൂപ നൽകുന്ന "Whistle Blowers Award" ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| പതിനാലാം കേരള നിയമസഭ | |
|---|---|
| അഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.479 | 17/05/2017 ൽ മറുപടിക്ക് |
| സീറോ ടോളറൻസ് ടു കറപ്ഷൻ | |
| ചോദ്യം | മറുപടി |
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>രാജു എബ്രഹാം<br>,, കാരാട്ട് റസാഖ്<br>,, കെ.ഡി. പ്രസേനൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'സീറോ ടോളറൻസ് ടു കറപ്ഷൻ 'എന്ന ലക്ഷ്യം നേടുന്നതിനായി സർക്കാർ വകുപ്പുകളിൽ അഴിമതി സൂചിക തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ. റിസർച്ച് ആന്റ് ട്രെയിനിംഗ് വിംഗിന്റെ ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഴിമതിയുടെ തോത് അനുസരിച്ച് വകുപ്പുകളെ തരം തിരിച്ചിട്ടുണ്ട്. ഓരോ മൂന്നു മാസം കൂടുമ്പോഴും വകുപ്പുകൾ തിരിച്ചുള്ള അഴിമതിയുടെ തോത് കണ്ടുപിടിച്ച് നാലു പ്രാവശ്യം കേരള ആന്റി കറപ്ഷൻ ഇൻഡക്സ് ആയി പ്രസിദ്ധീകരിക്കാനാണ് പദ്ധതി. |
| (ബി) | പ്രസ്തുത ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചു നീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും കുടുംബശ്രീ പ്രവർത്തകർക്കും വായനാ ശാലകൾ മുഖാന്തിരവും പൊതുജനങ്ങൾക്ക് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അഴിമതിയെപ്പറ്റി വിവരം നല്കുന്നതിനായി വിസിൽ ബ്ലോവർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അഴിമതി തുടച്ചുനീക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും സംതൃപ്തവും അതേസമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുന്നതിനായി "Zero tolerance to Corruption" എന്ന നയത്തിന്റെ വിജയത്തിനാവശ്യമായ അഴിമതി ബോധവൽക്കരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും വളരെ ശക്തമായും വിപുലമായും സോഷ്യൽ മീഡിയയിലും പത്ര മാദ്ധ്യമ ചാനലുകളിലും നടത്തി വരുന്നുണ്ട്. |
| (സി) | സർക്കാർ ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകൾ ഉപയോഗിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) | പൊതുജന പങ്കാളിത്തത്തോടെയുള്ള അഴിമതി നിർമ്മാർജ്ജനത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 'Arising Kerala', 'Whistle Now' എന്നീ രണ്ട് മൊബൈൽ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.480 — 17.05.2017 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് പൊതു വിപണിയിൽ ലഭ്യമാക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (എ) | നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിക്കുകയും ആദിവാസി തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങൾ ഉപഭോക്താക്കളുടെ വീട്ടു പടിക്കൽ എത്തിച്ച് വിതരണം ചെയ്യുന്നതിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചിട്ടുണ്ട്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി. യേക്കാളും ശരാശരി 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻറായ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ |

| | | | |
|---|---|---|---|
| | | | പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു. മാവേലി സ്റ്റോറുകൾ ഇല്ലാത്ത 31 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സബ്സിഡിയിൽ വില്ക്കുന്ന ഉല്പന്നങ്ങൾ ഏതൊക്കെയാണ് എന്നറിയിക്കാമോ; | (ബി) | ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപരിപ്പ്, മുളക് മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി, ശബരി വെളിച്ചെണ്ണ എന്നിവയാണ് സബ്സിഡിയിൽ വിൽക്കുന്ന ഉല്പന്നങ്ങൾ. |
| (സി) | പൊതുവിപണിയേക്കാൾ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നൽകുന്ന അവശ്യ ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്; | (സി) | ചെറുപയർ, ഉഴുന്ന് ബോൾ, ഉഴുന്ന് (പൊളി), ഉഴുന്ന് (പരിപ്പ്), കടല, വൻപയർ, തുവരപരിപ്പ്, തുവരപരിപ്പ് (ഫട്ക്ക), പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, മുളക് (കാശ്മീരി), ഗ്രീൻപീസ്, കബോളി ഗ്രാം, പഞ്ചസാര, റാഗി, പച്ചരി, ബോധന അരി, മട്ട അരി, ജയ അരി, ജയ അരി (ആന്ധ്ര ഇതര ഇനം), കുറുവ അരി, പച്ചരി (ഒ.എം.എസ്.എസ്), പുഴക്കലരി (ഒ.എം.എസ്.എസ്), ചെറുപയർ പരിപ്പ് എന്നിവയാണ് ഫ്രീസെയിൽ സബ്സിഡി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ. |
| (ഡി) | പൊതുജനങ്ങൾക്ക് നൽകുന്ന ഇത്തരം ഭക്ഷ്യ ധാന്യങ്ങൾക്ക് അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ദുരുപയോഗം തടയുന്നതിനായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവ് റേഷൻ കാർഡ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപരിപ്പ്, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ ഓരോ കിലോഗ്രാം വീതവും മുളക്, മല്ലി എന്നിവ ½ കിലോഗ്രാം വീതവും നല്കുന്നു. ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി എന്നിവ മാസത്തിൽ പത്ത് കിലോഗ്രാം രണ്ടു തവണയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ